Deivarajyam November 2016
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/11/2016
● Posted at Thodupuzha Stg.
Annual Subscription ₹ 100.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

EPARCHY OF KOTHAMANGALAM

# ദൈവരാജ്യം

LOVE NEVER ENDS

കോതമംഗലം രൂപത ബുള്ളറ്റിൻ




വാല്യം 55
നവംബർ 2016
ലക്കം 11

# പൗരോഹിത്യ സുവർണ്ണ ജൂബിലി മംഗളങ്ങൾ



Rev. Fr. Mathew Thekkekara (Sr.)



Rev. Fr. Joseph Kadukamakal



Rev. Fr. Joseph Arackal



Rev. Fr. Thomas Mundackal



Rev. Fr. George Pulpra

# പൗരോഹിത്യ രജത ജൂബിലി മംഗളങ്ങൾ



Rev. Fr. Jose Arackal



Rev. Fr. Jacob Thalappillil



Rev. Fr. Manuel Pichalakatt



മാർപാപ്പായിൽ നിന്നും
മോൺസിഞ്ഞോർ പദവി ലഭിച്ച
പെ. ബഹു. കുരുക്കൂർ ജോർജ്ജച്ചന്
രൂപതാകുടുംബത്തിന്റെ അനുമോദനങ്ങൾ.



കോതമംഗലം ചെറിയപള്ളിത്താഴത്ത് ആരംഭിച്ച
ജീവമെഡിക്കൽസിന്റെ വെഞ്ചരിപ്പുകർമ്മം മോൺ. ജോർജ് കാര്യാമഠവും
മരുന്നു വിതരണോദ്ഘാടനം മോൺ. ജോർജ് ഓലിയപ്പുറവും നിർവഹിക്കുന്നു.




ബഹു. തോമസ് മുണ്ടയ്ക്കലച്ചൻ രചിച്ച
"കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ അഥവാ ഒരു ദേശത്തിന്റെ ചരിത്രം"
എന്ന ഗ്രന്ഥം 12.10.2016 ൽ, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ
നടന്ന പൗരോഹിത്യ സുവർണ്ണ ജൂബിലി സമ്മേളനത്തിൽ, മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ്,
വികാരി ഫാ. മാത്യൂസ് മാളിയേക്കലിന് ഒരു പ്രതി നല്കിക്കൊണ്ട് പ്രകാശനം ചെയ്യുന്നു.



# ദൈവരാജ്യം

EPARCHY OF KOTHAMANGALAM

LOVE NEVER ENDS




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 55**
**നവംബർ 2016**
**ലക്കം 11**

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

## ഉള്ളടക്കം


| | പേജ് |
|---|---|
| സർക്കുലർ | 5 |
| KCBC സർക്കുലർ | 8 |
| KCBC സർക്കുലർ | 11 |
| രൂപതക്കച്ചേരി | 14 |
| മൈനർ സെമിനാരി | 16 |
| വിജ്ഞാനഭവൻ | 17 |
| വിദ്യാഭ്യാസം | 24 |
| ചെറുപുഷ്പമിഷൻലീഗ് | 25 |
| കെ.സി.എസ്.എൽ. | 30 |
| ദീപിക ഫ്രണ്ട്സ് ക്ലബ്ബ് | 31 |
| സോഷ്യൽ സർവീസ് | 32 |
| യുവദീപ്തി | 33 |
| ജീസസ് യൂത്ത് | 34 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 34 |
| മാതൃവേദി | 37 |
| ഡി.സി.എം.എസ്. | 38 |
| എ.കെ.സി.സി. | 38 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 40 |
| പ്രാർത്ഥനാഗ്രൂപ്പ് | 41 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 41 |
| സെന്റ് വിൻസെന്റ് ഡി പോൾ | 42 |
| നെസ്റ്റ് പ്രോഗ്രാം | 43 |
| തിരുനാൾ മംഗളങ്ങൾ | 43 |
| വാർത്തയും വിശേഷങ്ങളും | 44 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 45 |
| ബിഷപ്സ് പ്രോഗ്രാം | 48 |
| പ്രാർത്ഥനയിൽ ഓർക്കാം | 49 |
| നിര്യാതരായി | 50 |




## ഓർമ്മിക്കാൻ

### നവംബർ

| | | |
|---|---|---|
| 2-4 | - | Pre-Marriage Course |
| 12 | - | യുവജ്വാല - യുവദീപ്തി കെ.സി.വൈ.എം. |
| ,, | - | DCMS ജീവിതദർശന സെമിനാർ |
| 15 | - | ജൂബിലി ആശംസകൾ നെസ്റ്റ് |
| ,, | - | ജീസസ് യൂത്ത് നൈറ്റ് വിജിൽ |
| 16-18 | - | Pre-Marriage Course |
| 20 | - | കാരുണ്യവർഷസമാപനം - ഡിവൈൻ മേഴ്സി ഷ്റൈൻ |
| ,, | - | ലോഗോസ്ക്വിസ് സംസ്ഥാനതലം |
| 25-27 | - | ദമ്പതീധ്യാനം |

### തിരുനാളുകൾ

| | | |
|---|---|---|
| 03 | : | വി. മാർട്ടിൻ ഡി പോറസ് |
| 04 | : | വി. ചാൾസ് ബൊറോമിയോ |
| 05 | : | വി. സഖറിയ, വി. ഏലീശ്വാ |
| 20 | : | മിശിഹായുടെ രാജത്വത്തിരുനാൾ |
| 22 | : | വി. സിസിലി |
| 26 | : | വി. ജോൺ ബർക്കുമാൻസ് |
| 30 | : | വി. അന്ത്രയോസ് ശ്ലീഹ |

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

ഈശോമിശിഹായിൽ വാത്സല്യമുള്ള പ്രിയ സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

മനുഷ്യാവതാരംചെയ്ത ഈശോയിലൂടെ പിതാവായ ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖം നമുക്ക് വെളിപ്പെടുത്തപ്പെട്ടു. 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെ കാരുണ്യത്തിന്റെ ജൂബിലി വർഷമായി നാം ആചരിക്കുകയാണല്ലോ. ദൈവം കരുണയാണ് എന്ന അനുഭവത്തിലേക്കും ബോധ്യത്തിലേക്കും കടന്നുവരുവാൻ ഈ കാലഘട്ടം ഉപകരിച്ചു. ദൈവത്തിന്റെ കാരുണ്യം സർവശക്തിയുടെ അടയാളമാണ് എന്ന് തിരിച്ചറിഞ്ഞ് ലോകത്തിൽ പിതാവായ ദൈവത്തിന്റെ കരുണയുടെ സജീവ അടയാളമായിരിക്കുവാൻ ഇത് നമ്മെ പ്രചോദിപ്പിക്കുകയും പ്രത്യേകമായി ഒരുക്കുകയും ചെയ്തു. "കാരുണ്യത്തിനു നല്കുന്ന സാക്ഷ്യമില്ലാതിരുന്നാൽ ജീവിതം ഫലരഹിതവും വന്ധ്യവുമായിത്തീരു"മെന്ന മുന്നറിയിപ്പ് പരിശുദ്ധ പിതാവ് നമുക്ക് നല്കുകയുണ്ടായി (കാരുണ്യത്തിന്റെ മുഖം, 10).

പരിശുദ്ധ പിതാവിന്റെ ആഹ്വാനം സ്വീകരിച്ച് നിശ്ശബ്ദതയുടെ മൂല്യം മനസ്സിലാക്കി വചനം ശ്രവിക്കുവാനും പഠിക്കുവാനും ധ്യാനിക്കുവാനും കാരുണ്യവർഷത്തിൽ നാം കൂടുതൽ അവസരങ്ങൾ കണ്ടെത്തി. ദൈവകരുണയെക്കുറിച്ച് കൂടുതലറിയാൻ ധ്യാനങ്ങളും പ്രഘോഷണങ്ങളും സെമിനാറുകളും നടത്തി. തിരുവചനത്തിലൂടെ അനാവരണം ചെയ്യപ്പെടുന്ന ഈശോയുടെ മുഖം ഹൃദയങ്ങളിൽ ഉറപ്പിച്ച് ജീവിതത്തെ കാരുണ്യത്തിന്റെ നേർസാക്ഷ്യമാക്കി മാറ്റുവാൻ അത് പ്രചോദനം നല്കി.

ജൂബിലി വർഷത്തിൽ നാം തീർത്ഥാടനങ്ങൾ നടത്തുകയുണ്ടായി. ഭക്തിയുടെ ബാഹ്യമായ പ്രകടനം എന്നതിനേക്കാൾ ആന്തരികതയിലേക്ക് കടക്കുന്ന ആത്മീയതയെ വളർത്തുവാനും തന്നിലേക്കുതന്നെയും അപരനിലേക്കുമുള്ള വിശുദ്ധ തീർത്ഥാടനമായി ജീവിതത്തെ മാറ്റുവാനുമുള്ള പരിശ്രമമായിരുന്നു അത്. നന്മയെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ശൈലി വളർത്താൻ ഇത് നമ്മെ സഹായിച്ചു.

ശാരീരികവും ആത്മീയവുമായ കാരുണ്യപ്രവർത്തികളിലൂടെ നിസ്സംഗതയുടെ മതിൽക്കെട്ടുകൾ തകർത്ത് സമൂഹത്തിൽ പാർശ്വവല്ക്കരിക്കപ്പെട്ടവരിലേക്കും മുറിവേറ്റവരിലേക്കും കടന്നുചെല്ലുകയും കാരുണ്യത്തിന്റെ ലേപനത്താൽ അവരെ ആശ്വസിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു.



അനുരഞ്ജനകൂദാശയുടെ പ്രാധാന്യം മനസ്സിലാക്കി കാരുണ്യത്തിന്റെ ഈ വിശുദ്ധ കൂദാശയിലൂടെ ലഭിക്കുന്ന കൃപാവരത്താൽ നിരന്തരമായ മാനസാന്തരത്തിന്റെ അനുഭവം ഹൃദയങ്ങളിൽ നിലനിർത്തുവാനും നല്ല ഹൃദയഫലങ്ങൾ പുറപ്പെടുവിക്കുവാനും നാം പരിശ്രമിച്ചു.

കാരുണ്യത്തിന്റെ വിശുദ്ധ കവാടങ്ങളിലൂടെ കടന്ന് ദണ്ഡവിമോചനം പ്രാപിക്കുന്നതിനും അതുവഴി ദൈവകാരുണ്യം അറിയുന്നതിനും അനുഭവിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും വിശുദ്ധ ജൂബിലി വർഷത്തിൽ നമുക്ക് സാധിച്ചു.

കാരുണ്യത്തിന്റെ ശുശ്രൂഷയാണ് സഭാമക്കളുടെ വിശ്വാസ്യതയുടെ അളവുകോൽ എന്ന് തിരിച്ചറിഞ്ഞ് ആയിരിക്കുന്നിടത്ത് കാരുണ്യത്തിന്റെ മരുപ്പച്ച തീർക്കുവാൻ നാം പരിശ്രമിക്കുകയായിരുന്നു. വ്യക്തിപരമായും സംഘാതമായും നാം ചെയ്ത കാരുണ്യപ്രവൃത്തികൾ ഈശോയുടെ തിരുമുഖത്തോട് നമ്മെ കൂടുതൽ അനുരൂപപ്പെടുത്തിയിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം.

കരുണയുടെ ജൂബിലിവർഷം ഈ മാസം 20-ാം തീയതി സമാപിക്കുകയാണ്. ഈ ജൂബിലി വർഷത്തിന്റെ ആരംഭത്തിൽ തുറന്ന കരുണയുടെ വിശുദ്ധകവാടങ്ങൾ അടയ്ക്കപ്പെടും. ജൂബിലിയുടെ കവാടങ്ങൾ അടയുമ്പോൾ ഒരിക്കലും അടയാത്ത കരുണയുടെ കവാടങ്ങൾ തുറക്കണം: നമ്മുടെ ഹൃദയങ്ങളിൽ, ഭവനങ്ങളിൽ, സ്ഥാപനങ്ങളിൽ, ഭരണകേന്ദ്രങ്ങളിൽ, സേവനരംഗങ്ങളിൽ..

കാരുണ്യം മാംസം ധരിച്ചവരുടെ ഒരു നിര സഭാതലവനായ ഫ്രാൻസിസ് മാർപാപ്പായുടെ പിന്നിൽ ഉണ്ടാകണം. കാരുണ്യത്തിന്റെ ജൂബിലി വർഷത്തിൽ വിശുദ്ധയായി നാമകരണം ചെയ്യപ്പെട്ട മദർ തെരേസായുടെ മാതൃക നമുക്ക് മുന്നിലുണ്ട്. കരുണയുടെ വർഷം സമാപിക്കുന്നെങ്കിലും ദൈവകരുണ ഒരിക്കലും അവസാനിക്കുന്നില്ല എന്ന അവബോധം തുടർന്നും പങ്കുവച്ചു നല്കുവാൻ നമുക്ക് സാധിക്കണം. "ഈ എളിയവർക്ക് ചെയ്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്" എന്ന തിരുവചനം നിരന്തരമായ ഒരു ഓർമ്മപ്പെടുത്തലാകട്ടെ.

ജീവിതലാളിത്യവും പ്രകൃതിയോടും ചുറ്റുപാടുകളോടും ഇണങ്ങുന്ന ജീവിതശൈലിയും നമുക്ക് പരിശീലിക്കാം. ആർഭാടങ്ങൾ ഒഴിവാക്കി ആവശ്യങ്ങൾ പരിമിതപ്പെടുത്താം. പ്രകൃതിയുടെ ലാവണ്യങ്ങളെ ആത്മാവിൽ

അടയാളപ്പെടുത്തി സർവ്വജീവജാലങ്ങളോടും സാഹോദര്യത്തിൽ വർത്തിക്കുകയും വിരക്തിയുടെ വിശുദ്ധപാഠങ്ങൾ നമുക്ക് മുന്നിലവതരിപ്പിക്കുകയും ചെയ്ത വി. ഫ്രാൻസീസ് അസീസ്സിയെ മാതൃകയാക്കാം.

സ്വാർത്ഥ താല്പര്യങ്ങളുടെയും അഹന്തയുടെയും തടവറയിൽനിന്ന് മോചനം നേടി, മുൻവിധികളും ദുരാരോപണങ്ങളും വിമർശനങ്ങളും അവസാനിപ്പിച്ച് പരസ്പര വിശ്വാസവും സ്നേഹവും വളർത്താം. ജാതിയുടെയും മതത്തിന്റെയും സാമ്പത്തിക ഉച്ചനീചത്വങ്ങളുടെയും അതിർവരമ്പുകളില്ലാതെ എല്ലായ്പ്പോഴും എല്ലാവരിലേക്കും കടന്നുചെല്ലുന്ന സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും വിശാല മേഖലകൾ തുറക്കാം. ആരെയും മാറ്റിനിർത്താതെ എല്ലാവരെയും ഉൾച്ചേർക്കുന്ന സ്നേഹം പരിശീലിക്കാം.

നമ്മുടെ രൂപതയിൽ ഇടവകകളും സ്ഥാപനങ്ങളും സമർപ്പിത സമൂഹങ്ങളും തങ്ങളുടേതായ രീതിയിൽ കാരുണ്യത്തിന് സാക്ഷ്യം വഹിച്ചു. രൂപതയിലെ സോഷ്യൽ സർവീസ് സൊസൈറ്റിയും വിവിധ സംഘടനകളും വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. ഏവരെയും പ്രത്യേകം അഭിനന്ദിക്കുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഇനിയും ഏറെ കാര്യങ്ങൾ നമുക്ക് ഒരുമിച്ചു ചെയ്യേണ്ടതുണ്ട്. ക്യാൻസർ രോഗികൾക്കുവേണ്ടിയുള്ള ആശാകിരണം പദ്ധതി ഏവരുടെയും സഹകരണത്തോടെ വിജയകരമായി നടന്നുകൊണ്ടിരിക്കുകയാണല്ലോ. കഴിഞ്ഞ വർഷം ഒരു കോടിയിൽപ്പരം രൂപ സംഭാവനയായി ലഭിക്കുകയുണ്ടായി. ഇക്കാര്യത്തിൽ നിങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നിർദ്ധനരായ ക്യാൻസർ, കിഡ്നി രോഗികളുടെ ചികിത്സയ്ക്കായി സഹായം നൽകികൊണ്ടിരിക്കുന്നു. ഇക്കാര്യത്തിനായി തുടർന്നും നിങ്ങളുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്. അവശതയനുഭവിക്കുന്ന നിർധനകുടുംബങ്ങളെ സഹായിക്കുന്നതിന് തയ്യാറുള്ള സുമനസ്സുകളെ സഹകരിപ്പിച്ച് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുവാൻ പോകുന്ന പുതിയ പദ്ധതികളോട് സഹകരിക്കുവാൻ ഏവരെയും പ്രത്യേകം ക്ഷണിക്കുകയാണ്. രൂപതയിലെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ഇടവകയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തിയ്ക്ക് ചികിത്സാസഹായം കാരുണ്യവർഷത്തിന്റെ സമാപനത്തിൽ തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ നടക്കുന്ന ചടങ്ങിൽ വച്ച് നല്കുന്നതാണ്.

സ്വഭാവത്തിനൊത്തവണ്ണം കരുണ കാണിക്കുന്ന പിതാവിന്റെ മക്കളാകുവാൻ നിരന്തരമായ പ്രാർത്ഥനയിലൂടെയും കാരുണ്യപ്രവർത്തികളിലൂടെയും നമുക്ക് പരിശ്രമിക്കാം. കാരുണ്യവാനായ ദൈവം അതിന് നമ്മെ അനുഗ്രഹിക്കട്ടെ.



നമ്മുടെ ഉദ്യമങ്ങളെയെല്ലാം പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെയോരോരുത്തരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്
**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

**N.B.** 2016 നവംബർ 13-ാം തീയതി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, അന്നേ ദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

Ref: 2982/K-5/KCBC/OL/DS 10.10.2016

## കാരുണ്യവർഷാചരണത്തോടനുബന്ധിച്ച് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ സാമൂഹ്യനീതിക്കും വികസനത്തിനുമായുള്ള കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കൻമാരേ, വന്ദ്യ വൈദികസഹോദരരേ, സന്ന്യസ്തരേ, പ്രിയ ദൈവമക്കളേ,

ആഗോള കത്തോലിക്കാതിരുസഭ കാരുണ്യവർഷാചരണത്തിലൂടെ കടന്നുപോകുകയാണല്ലോ. ദൈവത്തിന്റെ കരുണയുടെ മുഖം സമൂഹമധ്യേ പ്രതിഫലിപ്പിക്കേണ്ടവരാണ് നാമേവരും. ഇതിനോടകം നിങ്ങളേവരും ഏറ്റെടുത്തു നടത്തിയിട്ടുള്ള എല്ലാ ദൈവികശുശ്രൂഷകളെയും ഓർത്ത് ഞങ്ങൾ ദൈവത്തിനു നന്ദിപറയുകയും നിങ്ങളേവരെയും ദൈവനാമത്തിൽ അനുമോദിക്കുകയും ചെയ്യുന്നു. സ്വീകരിക്കുന്നതിനെക്കാൾ നല്കുന്നതിലാണ് കാരുണ്യം എന്ന തിരിച്ചറിവിലാണ് സഭയുടെ എല്ലാ പ്രവർത്തനങ്ങളും. ദൈവത്തിന്റെ ദാനമാണല്ലോ ഈ ഭൂമിയും അതിലെ സമസ്ത ചരാചരങ്ങളും. സൃഷ്ടിയുടെ മകുടമായ മനുഷ്യനാകട്ടെ, അവയുടെ സംരക്ഷകനും. ഉത്പത്തിപുസ്തകത്തിനൊരു പര്യായം പറയുകയാണെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ സുവിശേഷം എന്നതായിരിക്കുംഏറ്റവും ഉചിതം.

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ ഈ കാരുണ്യവർഷത്തിൽ നിരന്തരമായി ലോകത്തെ ഉദ്ബോധിപ്പിക്കുന്ന കാര്യമാണ് "സൃഷ്ടിയുടെ സംരക്ഷണം". സൃഷ്ടിയുടെ സംരക്ഷണം ഒരു മഹത്തായ കാരുണ്യപ്രവൃത്തിയായിട്ടാണ് പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നത്. നാം അധിവസിക്കുന്ന ഈ ഭൂമി നമ്മുടെ പൊതുഭവനമാണല്ലോ. പരിശുദ്ധ പിതാവിന്റെ ആഹ്വാനം അനുസരിച്ച് കേരള കത്തോലിക്കാസഭ അതിന്റെ സാമൂഹ്യസേവനവിഭാഗമായ കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിലൂടെ "പ്രകൃതിയോട് കാരു

ണ്യം” എന്ന ദർശനത്തിലൂന്നിയാണ് ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങളെല്ലാം ക്രമീകരിച്ചിരിക്കുന്നത്. പ്രത്യേകിച്ചും, ഇന്ന് ലോകം നേരിടുന്ന പ്രധാന വെല്ലുവിളികളായ വരൾച്ച, ശുദ്ധജലക്ഷാമം, ജലമലിനീകരണം എന്നിവയെ പ്രാദേശികമായി പരിഹരിക്കുന്നതിന് ഉതകുന്ന ജലസാക്ഷരതാ പ്രവർത്തനങ്ങളിലൂടെ സഭയൊന്നാകെ മുന്നേറി, പ്രകൃതിയോട് കാരുണ്യം കാണിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. അതിനാൽ സഭയിലെ എല്ലാ ഭക്തസംഘടനകളും ശുശ്രൂഷാവേദികളും സ്ഥാപനങ്ങളും, കുടുംബങ്ങളും ഈ ജലസാക്ഷരതായജ്ഞത്തിൽ സജീവമായി പങ്കുചേരുവാൻ നിങ്ങളേവരെയും ഞങ്ങൾ ആഹ്വാനം ചെയ്യുകയാണ്.

കുടിവെള്ളം ലഭിക്കുക എന്നത് എല്ലാ മനുഷ്യരുടെയും അടിസ്ഥാന അവകാശമാണ്. ലോകത്തിൽ ആറിൽ ഒരാൾക്കുമാത്രമേ കുടിവെള്ളസൗകര്യം ഉള്ളൂ എന്നു തിരിച്ചറിയുമ്പോഴാണ് വെള്ളത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കുക. ഭൂമി ഒരു ജലഗ്രഹമാണ്. ഭൂമിയുടെ 75% ജലമാണ്. അതിൽ ഒരു ശതമാനം മാത്രമാണ് ശുദ്ധജലം. ആകെയുള്ള ഈ ഒരു ശതമാനം ശുദ്ധജലത്തിൽ 70% മഞ്ഞുമലകളും മഞ്ഞുപാളികളുമായിട്ടാണ് സ്ഥിതി ചെയ്യുന്നത്; ബാക്കി 29% ഭൂഗർഭജലവും. അവശേഷിക്കുന്ന ഒരു ശതമാനം മാത്രമാണ് നമുക്ക് കുടിവെള്ളമായി ഉപയോഗിക്കുവാൻ ലഭ്യമായിട്ടുള്ളത്. ലോകത്തിൽ ആകെയുള്ള ജലം ഒരു ലിറ്റർ കുപ്പിയിൽ ഒതുക്കിയാൽ അതിൽ ഒരു ടീസ്പൂൺ മാത്രമാണ് ശുദ്ധജലം.

ഭാരതത്തിൽ 92% ജലവും കൃഷിയാവശ്യങ്ങൾക്കും 3% വ്യാവസായികാവശ്യങ്ങൾക്കും ബാക്കി 5% വീട്ടാവശ്യങ്ങൾക്കുമായിട്ടാണ് ഉപയോഗിക്കുന്നത്. കേരളത്തിന് ആവശ്യമായ മുഴുവൻ വെള്ളവും ലഭിക്കുന്നത് മഴയിൽ നിന്നുമാത്രമാണ്. മഞ്ഞുരുകി വെള്ളം ലഭിക്കുവാൻ നമുക്ക് സാദ്ധ്യതയില്ല. മഴവെള്ളം വഹിച്ചുകൊണ്ടുപോയി നാടിന്റെ നാനാഭാഗത്തും എത്തിക്കുവാൻ ചെറുതെങ്കിലും 44 നദികൾ നമുക്കുണ്ട്. കൂടാതെ മഴവെള്ളം സംരക്ഷിക്കുവാൻ മറ്റ് ജലാശയങ്ങളുമുണ്ട്. കായൽ, കുളം, തോട്, കിണർ മുതലായവയാണവ.

കേരളത്തിന്റെ കാലാവസ്ഥയെ ഏറ്റവും സ്വാധീനിക്കുന്നതും ജലവിഭവശേഷിയുടെ നിർണ്ണായകഘടകവുമായ രണ്ടു മഴക്കാലങ്ങളാണ് ഇടവപ്പാതിയും തുലാവർഷവും. ഈ മഴയെ കാര്യക്ഷമമായി നാം സംരക്ഷിച്ചാൽ നമ്മുടെ നാട് ഇന്ന് അനുഭവിക്കുന്ന ശുദ്ധജലദൗർലഭ്യത്തിന് വലിയൊരളവു വരെ പരിഹാരമാകും. ഒരു വർഷം നമുക്കു ലഭിക്കുന്ന 3000 മില്ലിമീറ്റർ മഴയുടെ 92 ശതമാനവും ഒഴുകി നഷ്ടമാകുകയാണ്. ഈ യാഥാർത്ഥ്യങ്ങളെല്ലാം തിരിച്ചറിഞ്ഞ് ജലസംരക്ഷണത്തിനും ജലത്തിന്റെ നീതിപൂർവ്വകമായ ഉപയോഗത്തിനും സഭയൊന്നൊകെ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

നാം നേരിടുന്ന ജലപ്രതിസന്ധിക്ക് പ്രധാന കാരണങ്ങൾ ആളോഹരി ജല ഉപയോഗത്തിലെ വർദ്ധനവ്, വ്യാവസായിക വളർച്ച, നഗരവൽക്കരണം, ജലസേചനത്തിന്റെ വർദ്ധനവ് മുതലായവയാണ്. വനനശീകരണ



വും ജലസ്രോതസുകളുടെ നശീകരണവും നികത്തലും, ജലമലിനീകരണവും ജലലഭ്യതയെ സാരമായി ബാധിക്കുന്നുണ്ട്. വരുംതലമുറയ്ക്കായി കരുതിവയ്ക്കേണ്ട ഭൂഗർഭജലം അനിയന്ത്രിതമായി ഊറ്റിയെടുക്കുന്ന കുഴൽകിണർസംസ്കാരം ആത്മശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ജലദൗർലഭ്യം മുൻകൂട്ടി മനസ്സിലാക്കി നമ്മുടെ ജലവും ജലസ്രോതസ്സുകളും കൈയടക്കുന്നതിനുള്ള ശ്രമങ്ങൾ ദേശീയ, അന്തർദേശീയ ജലമാഫിയകൾ ആരംഭിച്ചുകഴിഞ്ഞു. വരുംനാളുകളിലെ നിക്ഷേപം ജലം ലഭ്യമായ മണ്ണായിരിക്കുമെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടായിരിക്കേണ്ടതാണ്.

നമ്മുടെ കിണറുകളാണ് ഈ നാടിന്റെ വലിയ സമ്പത്ത്. 55 ലക്ഷത്തിൽപരം കിണറുകൾ ഉള്ള സംസ്ഥാനമാണ് കേരളം. എന്നാൽ കുടിവെള്ളപൈപ്പുകളുടെ വരവോടെ സ്വന്തം കിണറുകളെ പലരും ഉപേക്ഷിച്ചുകളഞ്ഞു. ജലമലിനീകരണം വഴി നമ്മുടെ കിണറുകളും കുളങ്ങളും മലിനമാക്കപ്പെടുന്നുണ്ട്. പൈപ്പുപൊട്ടലും ജലവിതരണത്തിലെ പാകപ്പിഴകളും ഒരുവശത്ത് അരങ്ങേറുമ്പോൾ അമിതഉപയോഗവും മഴയുടെ ലഭ്യതക്കുറവും നിമിത്തം ഇത്തരം പദ്ധതികളുടെ പ്രഭവസ്ഥാനങ്ങളിൽ വെള്ളം വറ്റുന്ന സ്ഥിതിവിശേഷങ്ങളും നാം മറന്നുപോകരുത്. ലോകത്തിൽ 40% രോഗങ്ങളും പകരുന്നത് കുടിവെള്ളത്തിലൂടെയാണ്. ആയതിനാൽ ലോറിവെള്ളവിതരണത്തെ ആശ്രയിക്കുന്നവർ അതിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. പൈപ്പുവെള്ളത്തിൽ ക്ലോറിന്റെ അളവ് നിശ്ചിത അളവിൽ കൂടിയാൽ അത് മാരകമായ ക്യാൻസർ രോഗത്തിനു കാരണമായേക്കുമെന്ന് ശാസ്ത്രീയപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അതിനാൽ പൈതൃകമായി ലഭിച്ച കിണറുകളെ പരിപോഷിപ്പിച്ച് നിർത്തേണ്ടതാകുന്നു. പുരയിടങ്ങളിൽ ലഭ്യമാകുന്ന മഴവെള്ളത്തെ പടിയ്ക്കുപുറത്ത് ആക്കാതെ നമ്മുടെ തൊടികളിലും തെങ്ങിൻതടങ്ങളിലും സംരക്ഷിച്ചും ഒപ്പം മണ്ണിലെ ജൈവാംശം വർദ്ധിപ്പിച്ചും, മുറ്റത്തും കിണറുകൾക്കുചുറ്റും മഴക്കുഴികളും ചാലുകളും നിർമ്മിച്ചും കിണറുകളുടെ ഉറവകളെ പരിപുഷ്ടിപ്പെടുത്തി കിണർ റീചാർജിങ്ങ് പദ്ധതിയിൽ എല്ലാ കുടുംബങ്ങളും ഉൾച്ചേരേണ്ടതാണ്. ഈ മേഖലയിൽ നമ്മുടെ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ നാളിതുവരെ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുള്ള സ്ഥലജലസംരക്ഷണപദ്ധതികളും ഇടപെടലുകളും നമ്മുടെ മുഖ്യധാരാ പ്രവർത്തനങ്ങളായിരുന്നു. നമ്മുടെ ഭവനങ്ങളുടെയും ദേവാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും മുറ്റം ടാർ ചെയ്യുന്നതും കോൺക്രീറ്റ് ചെയ്യുന്നതും ടൈൽസു പാകുന്നതും മഴവെള്ളത്തെ ആട്ടിപ്പായിക്കുന്ന പ്രവർത്തനങ്ങളാണ്. ഇതും ഒരു ആത്മശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഭൂമി ഉണ്ടായ കാലത്ത് ഉള്ള അത്രയും ജലം മാത്രമേ ഇന്നുമുള്ളൂ. ഈ വെള്ളം എല്ലാവരുടെയും പൊതുസ്വത്താണ്. തുലോം പരിമിതമായ ഈ ജലസമ്പത്തിനെ മാലിന്യനിക്ഷേപത്തിലൂടെയും, രാസകീടവളപ്രയോഗത്തിലൂടെയും ഡിറ്റർജെന്റ് ഉൽപന്നങ്ങളുടെ അമിത ഉപയോഗം വഴിയും

മലിനമാക്കിക്കൂടാ. താരതമ്യേന ഏറ്റവും ശുദ്ധമായ മഴവെള്ളത്തെ മഴക്കാലത്ത് പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ശേഷിച്ച കാലത്തേക്ക് മഴവെള്ളസംഭരണികളിൽ സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതും മാതൃകാപരമാണ്. കിണറിലെ വെള്ളം ഒരു സ്ഥിരനിക്ഷേപം പോലെ സൂക്ഷിക്കാം.

ജലസംരക്ഷണത്തിനായി ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കുകയും അത് നടപ്പിലാക്കുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്. ലഭ്യമായ ശുദ്ധജലത്തെ മിതമായി ഉപയോഗിക്കാൻ പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. വീട്ടിൽ ഒരു പ്രാവശ്യം ഉപയോഗിച്ച വെള്ളം തോട്ടം നനയ്ക്കാനോ, ചെടികൾക്കു വേണ്ടിയോ പുനരുപയോഗിക്കാവുന്നതാണ്. നമ്മുടെ കുഞ്ഞുങ്ങൾ വെള്ളത്തിന്റെ വില മനസ്സിലാക്കട്ടെ. അന്ത്യവിധിയിൽ "എനിക്കു ദാഹിച്ചു; നിങ്ങൾ എനിക്കു കുടിക്കാൻ വെള്ളം തന്നില്ല" എന്ന തെറ്റ് അറിയാതെ ചെയ്തുപോയി എന്നു പറയേണ്ട അവസ്ഥ നമുക്ക് ഉണ്ടാകാതിരിക്കട്ടെ. ആയതിനാൽ നമുക്ക് ദൈവം തരുന്ന മഴയെ കാത്തുസൂക്ഷിക്കാം, കിണറുകളെ സംരക്ഷിക്കാം, ജലസ്രോതസ്സുകളെ മലിനമാക്കാതിരിക്കാം. നമുക്കും വരുംതലമുറയ്ക്കുംവേണ്ടി ജലസുരക്ഷ ഉറപ്പാക്കുവാൻ ജലസാക്ഷരതാപ്രവർത്തനങ്ങൾ സഹായിക്കട്ടെ. ജലസംരക്ഷണയജ്ഞങ്ങൾ സംഘടിപ്പിക്കുവാൻ നമുക്ക് കരങ്ങൾ കോർക്കാം. ദൈവം നമ്മെയും നമ്മുടെ പ്രകൃതിയെയും ജലസമൃദ്ധിയാൽ അനുഗ്രഹിക്കട്ടെ.

**ആർച്ച് ബിഷപ്പ് തോമസ് മാർ കൂറീലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡവലപ്പ്മെന്റ് കമ്മീഷൻ

Ref: 2983/K-5/KCBC/OL/DS 10.10.2016

## കാരുണ്യത്തിന്റെ അസാധാരണ ജൂബിലിവർഷ സമാപനം കേരള കത്തോലിക്കാസഭയിൽ

**ചൈതന്യ പാസ്റ്ററൽ സെന്റർ, കോട്ടയം**

**2016 നവംബർ 12, ശനി**

### കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

വന്ദ്യ വൈദികരേ, പ്രിയ സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

'കരുണയുടെ മുഖം' എന്ന ഫ്രാൻസിസ് പാപ്പായുടെ പ്രബോധനം കരുണയുടെ അസാധാരണ ജൂബിലിവർഷമാചരിക്കാൻ നമ്മെ പ്രചോദിപ്പിച്ചു. ആധുനികസമൂഹം പുറമ്പോക്കുകളിലേക്കു വലിച്ചെറിഞ്ഞവരെ ഹൃദയപൂർവം പരിഗണിക്കാൻ നാം ശ്രമിക്കുകയായിരുന്നു. കുറെയെങ്കിലും ആ വഴിയേ ചരിക്കാൻ നമുക്കു കഴിഞ്ഞു. ദൈവത്തിന്റെ സ്വഭാവം ദൈവമക്കളുടെ സ്വഭാവമായി പരിണമിക്കുവാനും വിശ്വാസം പ്രവൃത്തികളിലൂടെ സജീവമാക്കുവാനും (യാക്കോ 2:15) നാം കരുതലോടെ ശ്രദ്ധിച്ചു.



കാരുണ്യം ദൈവത്തിന്റെ നാമവും മുഖവും സ്വഭാവവുമാണെന്നു ഗ്രഹിച്ച് നാം അതു സാക്ഷ്യപ്പെടുത്തി. കരുണയുടെ മുഖമായ യേശുക്രിസ്തുവിനെ ജീവിതംകൊണ്ട് ഉച്ചൈസ്തരം പ്രഘോഷിക്കാൻ നമുക്കായി. കാരുണ്യജൂബിലിവർഷത്തിന്റെ ആചരണത്തിലൂടെ ക്രിസ്തുകരുണയുടെ തുടർച്ചയായ തിരുസ്സഭയുടെ മുഖശ്രീ വർധമാനമാക്കുന്നതിൽ കേരളകത്തോലിക്കാസഭ വിജയിച്ചു എന്നുവേണം വിലയിരുത്താൻ. സഭയും സഭയുടെ മണവാളനായ യേശുമിശിഹായും ഇത്ര സമാകർഷകമായി പൊതുജനമധ്യത്തിൽ അവതരിപ്പിക്കപ്പെട്ട ചരിത്രമുഹൂർത്തങ്ങൾ അപൂർവമായതിനാൽ കരുണയുടെ ജൂബിലിവർഷാചരണം അനുപമമായിരുന്നു എന്നു പറയാതെ വയ്യാ. കാരുണ്യമെന്നത് കേവലം ഒരു നാമമല്ലെന്നും പ്രത്യുത, ക്രിയയാണെന്നും മനോഭാവമാണെന്നുമുള്ള അവബോധം വിശ്വാസികളിൽ ആഴമായി പതിയാൻ ഇടയായതിനെ ഓർത്ത് നമുക്ക് ദൈവത്തിനു നന്ദിപറയാം.

ദൈവത്തിന് ഒരു പുതിയ പേരു കണ്ടെത്തിയ തിരുസഭാതലവനായ പരിശുദ്ധ ഫ്രാൻസിസ് പാപ്പാ, തന്റെ ജീവിതത്തിൽ അനുവർത്തിച്ചുവന്ന ശൈലി സഭയ്ക്കു നല്കിയതുവഴി സഭയിൽ ആകമാനം മാറ്റവും നവീകരണവും പുതുജീവനും ഉണ്ടായി എന്നു സന്തോഷത്തോടെ അനുസ്മരിക്കട്ടെ. കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കും വിശ്വാസപ്രതിസന്ധിക്കുമെതിരേയുള്ള സഭയുടെ മറുപടിയാണത്.

ദൈവത്തിന്റെ കാരുണ്യം വ്യക്തിപരമായി അനുഭവിക്കുവാനുള്ള അവസരമായി കരുണയുടെ സവിശേഷജൂബിലിവർഷത്തെ കാണണമെന്ന് പാപ്പാ പഠിപ്പിച്ചു. അതിനായി കരുണയുടെ കവാടങ്ങൾ തുറന്നു. വിശുദ്ധ കുമ്പസാരമെന്ന കരുണയുടെ കൂദാശ അടുക്കലടുക്കൽ സ്വീകരിക്കണമെന്നും കരുണയുടെ മൂർത്തീകരണവും പൂർത്തീകരണവുമായ ദിവ്യകാരുണ്യത്തിൽ വിശ്വാസികൾ ആഴപ്പെടണമെന്നും പരിശുദ്ധ പിതാവ് പഠിപ്പിച്ചു. ദൈവകരുണ അനുഭവിക്കുവാൻ ഒരുവന് കൗദാശികമാർഗങ്ങൾ തുറന്നുകിടക്കുന്നു എന്നതാണ് ക്രൈസ്തവന്റെ വിളിയും ഭാഗ്യവും.

കരുണയുടെ ഭാഷ മനുഷ്യനു മാത്രമല്ല, ഏതു ജീവജാലങ്ങൾക്കും മനസ്സിലാകുന്ന ഭാഷകൾക്കതീതമായ ഭാഷയത്രേ. സ്നേഹത്തിന്റെ ഭാഷ്യമാണത്. ഈ ഭാഷയുടെ ബാലപാഠവും തുടർപാഠങ്ങളും തന്റെ മക്കളെ പഠിപ്പിക്കുവാൻ സഭാമാതാവ് ഒരു വർഷം നീക്കിവയ്ക്കുകയായിരുന്നു. സഭയ്ക്കാകമാനം അത് ഒരു പഠനശിബിരവും പരിശീലനക്കളരിയുമായിരുന്നു; പൊതുസമൂഹത്തിനാകട്ടെ, ഒരു സാധനാപാഠവും അനുകരണീയമായ മാതൃകയും. സ്നേഹദാരിദ്ര്യമനുഭവിക്കുന്ന – സ്നേഹം വറ്റിവരണ്ട – ഒരു ലോക

ത്തിന് നല്കാൻ പറ്റുന്ന പ്രത്യൗഷധവും മൃതസഞ്ജീവനിയുമായിരുന്നു കരുണയുടെ വർഷാചരണം. കരുണ തടംകെട്ടി നില്ക്കേണ്ടതല്ല, നദിപോലെ ഒഴുകേണ്ടതാണ്. ഒരിക്കലും "വറ്റാത്ത നദി" എന്നാണ് കാരുണ്യത്തെ ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിക്കുന്നത് (*കരുണയുടെ മുഖം,* No.24).

"കരുണയുടെ ഐക്കൺ" എന്ന് ലോകം അംഗീകരിച്ച മദർ തെരേസയെ ജൂബിലിവർഷത്തിൽ വിശുദ്ധയായി പ്രഖ്യാപിച്ചത് നമുക്കേവർക്കും വലിയ സന്തോഷമാണ് സമ്മാനിച്ചത്. "അവിടത്തെ കാരുണ്യം അനന്തമാണ്" എന്നു സങ്കീർത്തകനോടൊപ്പം (സങ്കീ 136) നമുക്കും പാടാം. ജൂബിലിവർഷാചരണം സമാപിച്ചാലും ദൈവകരുണയ്ക്കുവേണ്ടിയുള്ള നമ്മുടെ അർത്ഥനയും കാരുണ്യപ്രവൃത്തികളും അവിരാമം തുടരുകതന്നെ ചെയ്യും.

കേരള കത്തോലിക്കാസഭയിൽ 2016 നവംബർ 12-ാംതീയതി കരുണയുടെ ജൂബിലിവർഷത്തിന് ഔദ്യോഗിക സമാപനം കുറിക്കുന്നതാണ്. കരുണയുടെ ഈറ്റില്ലവും പാഠശാലയുമായ കുടുംബത്തോടു ബന്ധപ്പെട്ട കുടുംബപ്രേഷിതത്വത്തിന്റെയും പൊതുസമൂഹത്തിൽ കാരുണ്യം പ്രസക്തമായി അവതരിപ്പിക്കുന്ന കെസിബിസി ജസ്റ്റീസ്, പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷന്റെയും നേതൃത്വത്തിലും ഇതരകമ്മീഷനുകളുടെ സഹകരണത്തിലുമാണ് സമാപനം നടത്തപ്പെടുന്നത്.

2016 നവംബർ 12 ശനിയാഴ്ച കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററും (തെള്ളകം), തെള്ളകം പുഷ്പഗിരി ദൈവാലയവും കേന്ദ്രീകരിച്ച് സമ്മേളനം നടത്തപ്പെടുന്നു. കാരുണ്യവർഷത്തിന്റെ മാനങ്ങൾ വ്യക്തമാക്കുംവിധം ദൈവകരുണ പ്രഘോഷിച്ചും കാരുണ്യപ്രവൃത്തിയുടെ പ്രസക്തമായ സമീപനങ്ങൾ പൊതുസമൂഹത്തിൽ അവതരിപ്പിച്ചും ഭൂമിയോടും പ്രകൃതിയോടുമുള്ള നമ്മുടെ കരുതൽ പങ്കുവച്ചും ഈ ദിനം ആചരിക്കുന്നതാണ്.

കേരള കത്തോലിക്കാസഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യവും നേതൃത്വവും നമ്മോടൊപ്പമുണ്ടാകും. കേരളത്തിലെ കത്തോലിക്കാരൂപതകളുടെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഭാരവാഹികളും, വിവിധ പ്രേഷിതവേദികൾക്കും സഭാസംഘടനകൾക്കും നേതൃത്വം നല്കുന്ന വൈദിക-സന്ന്യസ്ത-അല്മായ നേതാക്കന്മാരും വിശ്വാസികളും ഇതിൽ പങ്കെടുക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.

കോട്ടയത്തും സമീപപ്രദേശത്തുമുള്ള 3 അതിരൂപതകളിലെയും 3 രൂപതകളിലെയും ദൈവജനത്തിന്റെ വർധിച്ച പങ്കാളിത്തമാണ് സമ്മേളനത്തിന്റെ ഗരിമ വർധിപ്പിക്കുന്നത്. ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ് (തിരുവല്ല), മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് (എറണാകുളം), ചങ്ങനാശ്ശേരി, കോട്ടയം, വിജയപുരം, പാല, കാഞ്ഞിരപ്പള്ളി രൂപതകളിലെ വികാർ ജനറൽമാർ എന്നിവർ ഉൾപ്പെട്ട കമ്മറ്റിയുടെ മേൽനോട്ടത്തിലാണ് സമ്മേളനം നടത്തപ്പെടുക. കോട്ടയം ക്നാനായ അതിരൂപത വികാർജനറൽ മോൺ. മൈക്കിൾ വെട്ടിക്കാട്ട് അച്ചൻ കൺവീനറായി വിപുലമായ കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു.



കേരള സംസ്ഥാനത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. ഓരോ രൂപതയിൽനിന്നും കാരുണ്യത്തിന്റെ മുഖങ്ങൾ പ്രകാശമാനമാക്കിയ ചില കുടുംബങ്ങളെയും സ്ഥാപനങ്ങളെയും വെല്ലുവിളികൾ സാധ്യതകളാക്കി മാറ്റി സമൂഹത്തിന് ഈടുറ്റസംഭാവനകൾ നല്കിയ ചില വ്യക്തികളെയും കാരുണ്യശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിച്ച വൈദികരെയും സന്ന്യസ്തരെയും, ഒപ്പം ഇതരമതവിശ്വാസികളായ ഏതാനും കാരുണ്യദീപങ്ങളെയും സമ്മേളനത്തിൽ ആദരിക്കുന്നതായിരിക്കും.

വിശദമായ അറിയിപ്പുകൾ യഥാസമയം സംഘടനകൾ നല്കുന്നതായിരിക്കും. ലളിതമായി നടത്തപ്പെടുന്നതെങ്കിലും അനിവാര്യമായ സാമ്പത്തിക ഭാരങ്ങൾ പങ്കുവയ്ക്കുവാൻ ഔദാര്യം കാണിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഏവരുടെയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

## രൂപതക്കച്ചേരി

### *C. 91 /2016* കാരുണ്യവർഷ സമാപനം – ഡിവൈൻ മേഴ്സി ഷ്റൈനിൽ

കാരുണ്യവർഷത്തിന്റെ സമാപനം ഇടവകയിൽ സമുചിതമായി നടത്തുന്നതു സംബന്ധിച്ച് നിർദ്ദേശം നല്കിയിരുന്നുവല്ലോ. രൂപതാ തലത്തിലുള്ള പരിപാടികൾ തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വച്ച് **നവംബർ 20-ാം തീയതി വൈകിട്ട് 3.00-ന് ദിവ്യബലിയോടുകൂടി** നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു ഇടവകയിൽ നിന്നും ഒരാൾ എന്ന നിലയിൽ തിരഞ്ഞെടുക്കപ്പെടുന്ന രോഗികൾക്ക് 20,000 രൂപ വീതം ചികിത്സാ സഹായം നൽകുന്നതാണ്. ചികിത്സാ സഹായത്തിന് അർഹരായ വ്യക്തി

കൾ ഇടവകയിൽ ഇല്ലെങ്കിൽ ഭവനനിർമ്മാണത്തിനോ, വിവാഹത്തിനോ സഹായം ആവശ്യമുള്ള വ്യക്തിയെ തിരഞ്ഞെടുക്കാവുന്നതാണ്. ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയുടെ പേരുവിവരങ്ങൾ **നവംബർ മാസം 10-ാം തീയതിക്കുമുമ്പായി രൂപതാ ഫൈനാൻസ് ഓഫീസിൽ** എത്തിക്കേണ്ടതാണ്. അക്കൗണ്ടിലൂടെ മാറാവുന്ന ചെക്ക് ആയിട്ടായിരിക്കും ധനസഹായം നല്കുക. അതിനാൽ പേരുകൾ കൃത്യമായിരിക്കണം. ആ വ്യക്തിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് ഉണ്ടോയെന്ന് അന്വേഷിച്ച് ബഹു. വികാരിയച്ചന്മാർ വേണ്ടതു ചെയ്യുമല്ലോ.

*Bishop*

### *C. 92 /2016* ജൂബിലി ആശംസകൾ

പൗരോഹിത്യശുശ്രൂഷയിൽ ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. മാത്യു തെക്കേക്കര (Sr) അച്ചനും കടുകമ്മാക്കൽ ജോസഫച്ചനും, അറയ്ക്കൽ ജോസഫച്ചനും, മുണ്ടയ്ക്കൽ തോമസച്ചനും, പുൽപ്രജോർജച്ചനും രജതജൂബിലി ആഘോഷിക്കുന്ന ബഹു. അറയ്ക്കൽ ജോസച്ചനും, തലാപ്പിള്ളിൽ ജേക്കബച്ചനും, പിച്ചളക്കാട്ട് മാനുവൽ അച്ചനും രൂപതാകുടുംബത്തിന്റെ പേരിൽ പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ഇവരുടെ വിലയേറിയ സേവനങ്ങൾക്ക് നന്ദി പറയുകയും ചെയ്യുന്നു. ഇവർക്ക് അനുമോദനങ്ങൾ നേരുന്നതിനായി നവംബർ 15-ാം തീയതി 11.30-ന് NESTT-ൽ ഒരുമിച്ചുകൂടുന്ന കാര്യം ഒരിക്കൽകൂടി ബഹു. അച്ചന്മാരെ ഓർമ്മിപ്പിക്കുകയാണ്. അന്നേദിവസം 9.45 മുതൽ 11.30 വരെ മാസധ്യാനവും നടത്തുന്നതായിരിക്കും.

*Bishop*

### *C. 93 /2016* പെ. ബഹു. ജോർജ് കുരുക്കൂർ അച്ചന് മോൺസിഞ്ഞോർ പദവി

കഴിഞ്ഞ 26 വർഷങ്ങളായി പി.ഒ.സി. യിൽ തന്റെ ശുശ്രൂഷ നിർവ്വഹിച്ചിരുന്ന പെ. ബഹു. ജോർജ് കുരുക്കൂർ അച്ചന് അച്ചന്റെ സേവനങ്ങളെ പരിഗണിച്ച് "പരി. പിതാവിന്റെ ചാപ്ലയിൻ" എന്ന പദവി (മോൺസിഞ്ഞോർ പദവി) നൽകി ആദരിച്ചു. റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷനിൽ നിന്നുമാണ് ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് ലഭിച്ചത്. ഡിസംബർ മാസത്തിൽ പി.ഒ.സി.യിൽ വച്ചു നടക്കുന്ന കെ.സി.ബി.സി യോഗത്തിൽ വച്ച് ബഹു. കുരുക്കൂർ അച്ചന് ഈ ബഹുമതി നല്കപ്പെടും. അച്ചൻ രൂപതയ്ക്കും കേരള സഭയ്ക്കും അതുവഴി സാർവ്വത്രിക സഭയ്ക്കും നല്കിയിട്ടുള്ള സേവനങ്ങൾക്ക് പ്രത്യേകം നന്ദി പറയുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

*Bishop*



### *C. 94 /2016* വിവാഹാഘോഷം മുടക്ക്

ഡിസംബർ 1-ാം തീയതി 25 നോമ്പ് ആരംഭിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്ക് ആയിരിക്കും.

*Protosyncellus*

### *PC. 4/2016* Meeting of the Pastoral Council

An ordinary meeting of the Pastoral Council will be held on **Saturday, December 17, 2016 from 10.00 am to 4.00 pm** at the Bishop's House. The members are cordially invited. Topics to be included in the agenda may be sent to the secretary before November 30, 2016.

*Secretary*

### *Pr.C 6/2016* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on **Tuesday, December 20, 2016 from 10.00 am to 1.00 pm** at the Bishop's House. The members are cordially invited. Topics to be included in the agenda may be sent to the secretary before November 30, 2016.

*Secretary*

## മൈനർ സെമിനാരി

### *MS 41 /2016* മിഷൻ ഞായർ ദിനാചരണം

ആഗോള കത്തോലിക്കാസഭയുടെ മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് മിഷൻ ഞായർ ദിനാചരണം സെമിനാരിയിലും സമുചിതമായി നടത്തി. മിഷൻ ഞായറിനോടനുബന്ധിച്ച് നടത്തിയ പരിപാടിയുടെ ഉദ്ഘാടനം മോൺ. ജോർജ് കാര്യാമഠം നിർവഹിച്ചു.

### *MS 42/2016* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | |
|---|---|---|
| 1 | St. George Forane Church, Vazhakulam | ₹ 1,25,000 |
| 2 | Mariakutty Varkey Areeckal, Vazhakulam | ₹ 50,000 |
| 3 | Mathew M. Mathew Mariyil, Vazhakulam | ₹ 25,000 |
| 4 | Rajeev Joseph Kunnamkulathil, Vazhakulam | ₹ 25,000 |
| 5 | P.J. Joseph Puthiyaparambil, Nirmala Matha Muvattupuzha | ₹ 10,000 |
| 6 | St. Mary's Forane Church, Arakuzha | ₹ 75,000 |
| 7 | Devasia Thumbanirappel, Meenkunnam | ₹ 5,000 |
| 8 | George Peter Parankimyalil, Nellimattam | ₹ 5,000 |
| 9 | Paul C Varghese Cheeramkunnel, Muthalakodam | ₹ 5,000 |
| 10 | St. Martin de Pores Church, Anchiri | ₹ 5,000 |
| 11 | Dr. Benny Augusthy, Thodupuzha | ₹ 1,000 |
| 12 | Thresiamma Vettickal, Muthalakodam | ₹ 1,000 |

| | | |
|---|---|---|
| 13 | Achamma Mathew Alanolickal, Muthalakodam | ₹ 2,000 |
| 14 | Aleykutty George Oliapuram, Mathirappilly | ₹ 16,000 |
| 15 | Varkey Mathew Nedumgatt, Kalloorkad | ₹ 1,00000 |
| 16 | CML Ayavana | ₹ 5,000 |
| 17 | Sessel Kainickal, Bethlehem | ₹ 10,000 |
| 18 | Roy Nellikunnel, Bethlehem | ₹ 2,000 |
| 19 | Holy Family Church, Bethlehem | ₹ 8,000 |

*Rector*

## വിജ്ഞാനഭവൻ

*V. 116/2016* **ലോഗോസ് ക്വിസ് 2016 വിജയികൾ**

ലോഗോസ് ക്വിസ് 2016-ൽ പങ്കെടുത്ത് രൂപതാ തലത്തിൽ വിജയം നേടിയവരെ പ്രത്യേകം അനുമോദിക്കുന്നു. **ഓരോ വിഭാഗത്തിലും ആദ്യത്തെ മൂന്നു സ്ഥാനങ്ങൾ ലഭിച്ചവർക്ക് നവംബർ 20-ാം തീയതി നടക്കുന്ന സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കും.**

### GROUP A

1 അഞ്ജലിൻ അനീഷ് പരന്തുംപ്ലാവിൽ – പെരുമ്പല്ലൂർ
2 തോമസ് സെസൽ കൈനിക്കൽ – ബത്ലേഹം
3 റിയാന മേരി റോയി വാലുമ്മേൽ – കുണിഞ്ഞി
4 സ്റ്റെഫി ജിജോ വടക്കേൽ – തഴുവംകുന്ന്
5 മെജോ തോമസ് കാട്ടിത്തറ – കത്തീഡ്രൽ
കെവിൻ സിബി കാരേക്കാട്ട് – പോത്താനിക്കാട്
മെർളിൻ തോമസ് നടുപ്പടവിൽ – കലയന്താനി

### GROUP B

1 ജിജാ മേരി സാബു കുന്നത്ത് – കാവക്കാട്
2 ജോയൽ ജോൺസൺ പട്ടരുമഠത്തിൽ – ചാലാശ്ശേരി
3 മേബിൾ തോമസ് നടുപ്പടവിൽ – കലയന്താനി
4 ബ്ര. ജോസഫ് തയ്യിൽ – സെന്റ് ജോസഫ് മൈനർ സെമിനാരി കോതമംഗലം
5 അഗസ്റ്റിൻ ദേവ് ജെ. കൊച്ചുപറമ്പിൽ – നെടിയശാല
അന്ന റോണ സന്തോഷ് വട്ടക്കാട്ട് – കുണിഞ്ഞി
ലിമറിൻ ജോസ് വെളിയത്ത് – വാഴക്കുളം



### GROUP C

1 സി. കൃപ മരിയ SH – മൂവാറ്റുപുഴ ഈസ്റ്റ്
2 അമൃത അനൂപ് വലിയപുത്തൻപുരയിൽ – കാളിയാർ
3 റോമൽ അബ്രാഹം നടുപ്പടവിൽ – കല്ലാനിക്കൽ
4 മനു മാത്യു തൊണ്ടിയിൽ – പുലിയൻപാറ
5 അമല സേവി മങ്ങാട്ടുകട്ടയിൽ – കത്തീഡ്രൽ
സി. സോഫി മാത്യു FCC – മേക്കടമ്പ്
സി. ജിസ്ന ജോർജ് FCC – കരിമണ്ണൂർ

### GROUP D

1 റോസ് മേരി ജിജി പഴയംകോട്ടിൽ – കുണിഞ്ഞി
2 സി. ഡെൽന MSJ – നെല്ലിക്കുഴി
3 സി. ഡീന മരിയ FCC – പൈങ്ങോട്ടൂർ
4 സ്വപ്നാമോൾ തെക്കേവീട്ടിൽ – ഞാറക്കാട്
5 ആൻസി എബ്രാഹം മഠത്തിൽ – രാജഗിരി
ജിബി മോൻ ജെയിംസ് നെയ്യ്വേലിക്കുന്നേൽ – പള്ളിക്കാമുറി
സി. റോണിയ കുളത്തുങ്കൽ SABS – ആനിക്കാട്

### GROUP E

1 സി. ശാലീന SD – മുള്ളരിങ്ങാട്
2 ചിന്നമ്മ തോമസ് വട്ടക്കുഴിയിൽ – തഴുവംകുന്ന്
3 എൽസി പൈലി കടവുങ്കൽ – തൊടുപുഴ ഈസ്റ്റ്
4 മേരി മാനുവൽ പൂവന്തുരുത്തിൽ – പള്ളിക്കാമുറി
5 സി. ലില്ലി ജെയിംസ് കുന്നുമ്മേൽ – തൊടുപുഴ ഈസ്റ്റ്
ചിന്നമ്മ ജോർജ് കവുങ്ങുംകാട്ടിൽ – കുണിഞ്ഞി
സി. സൗമി ജോസ് SD – കോഴിപ്പിള്ളി

### GROUP F

1 ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ – പന്നിമറ്റം
2 സി. ആനിമരിയ SH – മുതലക്കോടം
3 സി. അലക്സിസ് FCC – മൂവാറ്റുപുഴ
4 സി. അത്തനാസിയ CMC – കത്തീഡ്രൽ
5 ദേവസി വർക്കി വെളിയത്ത് – നെല്ലിമറ്റം
മേരി ജോസ് എടത്തല – കത്തീഡ്രൽ
സി. ബെനീസിയ SD – അഞ്ചിരി

**ലോഗോസ് ക്വിസിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവക**

1 ഹോളി മാഗി ഫൊറോന ചർച്ച്, മൂവാറ്റുപുഴ
2 സെന്റ് ജോർജസ് കത്തീഡ്രൽ, കോതമംഗലം

3 സെന്റ് ജോർജ് ഫൊറോന ചർച്ച്, വാഴക്കുളം

**അംഗസംഖ്യയുടെ അനുപാതത്തിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവക**

1 സെന്റ് ജോസഫ് ചർച്ച്, നെല്ലിക്കുഴി
2 വിജ്ഞാനമാതാ ചർച്ച്, തൊടുപുഴ ഈസ്റ്റ്
3 സെന്റ് ജോസഫ് ചർച്ച്, മുടവൂർ

**ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച കോൺഗ്രിഗേഷൻ - FCC**

**ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിശ്വാസപരിശീലകർ**

1 മനു മാത്യു തൊണ്ടിയിൽ, പുലിയൻപാറ(C ഗ്രൂപ്പ്)
2 സി. റോണിയ കുളത്തുങ്കൽ SABS, ആനിക്കാട് (D ഗ്രൂപ്പ്)
3 സി. ശാലീന SD, മുള്ളരിങ്ങാട് (E ഗ്രൂപ്പ്)
4 സി. കോൺസലാത്ത SH, ഞാറക്കാട് (F ഗ്രൂപ്പ്)

**ലോഗോസ് ഫാമിലി**

1 ജോൺസൺ മാത്യു പട്ടരുമഠം, ചാലാശ്ശേരി
2 ജോളി ജോൺസൺ പട്ടരുമഠം
3 ജോയൽ ജോൺസൺ പട്ടരുമഠം
4 ജോസ്ന ജോൺസൺ പട്ടരുമഠം
5 ജോബിൻ ജോൺസൺ പട്ടരുമഠം

### *V. 117/2016* ടീച്ചേഴ്സ് സെമിനാർ

ഈ വർഷത്തെ ടീച്ചേഴ്സ് സെമിനാർ ഫൊറോനതലത്തിൽ നടത്തുന്നത് ഡിസംബർ മാസത്തിലാണ്. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് സെമിനാറിന്റെ സമയം. എല്ലാ അദ്ധ്യാപകരെയും ഈ സെമിനാറിലേക്ക് പറഞ്ഞുവിടുമല്ലോ. അന്നേദിവസം കുട്ടികൾക്കായി ഇടവകകളിൽ സെമിനാർ നടത്തുന്നത് ഉചിതമായിരിക്കും. രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതാണ്. വരുന്നവരുടെ എണ്ണം 10 ദിവസം മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ അറിയിക്കേണ്ടതാണ്.

| | | |
|---|---|---|
| ഡിസംബർ 4 | – | മൂവാറ്റുപുഴ, തൊടുപുഴ, മൈലക്കൊമ്പ്, മാറിക |
| സ്ഥലം | → | **നെസ്റ്റ് മൂവാറ്റുപുഴ** |
| ഡിസംബർ 11 | – | മുതലക്കോടം, പൈങ്ങോട്ടൂർ, കാളിയാർ, വാഴക്കുളം, കരിമണ്ണൂർ |
| സ്ഥലം | → | **നിർമ്മല കോളേജ് മൂവാറ്റുപുഴ** |
| ഡിസംബർ 18 | – | കോതമംഗലം, ഊന്നുകൽ, ആരക്കുഴ |
| സ്ഥലം | → | **നെസ്റ്റ് മൂവാറ്റുപുഴ** |



### *V. 118/2016* വിശ്വാസപരിശീലന യൂണിറ്റ് വിലയിരുത്തൽ

2016–2017 വർഷത്തിലെ സൺഡേ സ്കൂൾ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി ഈ വർഷം നിശ്ചയിച്ചിരിക്കുന്നത് **നവംബർ 20, 27 തീയതികളാണ്.** അതാതു ഫൊറോനകളിലെ സൺഡേ സ്കൂളുകളിൽ നിന്നും കഴിഞ്ഞ വർഷത്തേതുപോലെ, ലിസ്റ്റനുസരിച്ച് അദ്ധ്യാപകർ സൺഡേ സ്കൂളുകൾ സന്ദർശിക്കേണ്ടതാണ്.

**NB ബഹു. വികാരിയച്ചന്മാർക്ക് എഴുത്ത് അയയ്ക്കുന്നതാണ്. എന്തെങ്കിലും കാരണവശാൽ കിട്ടാതിരുന്നാൽ ഇതൊരറിയിപ്പായി കണക്കാക്കുകയും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരെ അറിയിക്കുകയും ചെയ്യുമല്ലോ.**

**സൺഡേ സ്കൂൾ സന്ദർശന നിർദ്ദേശങ്ങൾ:**

1 സൺഡേ സ്കൂൾ അദ്ധ്യാപകരാണ് ഇടവകകളിൽ പരസ്പരം സന്ദർശനം നടത്തുന്നത്.
2 സന്ദർശന സമയത്ത് HM/ Staff Secretary നിർബന്ധമായും സൺഡേ സ്കൂളിൽ ഉണ്ടായിരിക്കേണ്ടതാണ്.
3 സൺഡേ സ്കൂൾ വിസിറ്റ്, സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും താരതമ്യം ചെയ്യാനും നമ്മുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുമുള്ള ഒരവസരമായി പ്രയോജനപ്പെടുത്തേണ്ടതാണ്.
4 സൺഡേ സ്കൂളുകളിൽ ചെല്ലുമ്പോൾ, ആദ്യമേതന്നെ വികാരിയച്ചനെ കണ്ട് പരിചയപ്പെടേണ്ടതാണ്. വികാരിയച്ചന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.
5 നിങ്ങൾ പോകുന്ന സൺഡേ സ്കൂളിൽ അദ്ധ്യാപകർക്കോ കുട്ടികൾക്കോ നിർദ്ദേശങ്ങളോ തിരുത്തലുകളോ നല്കരുത്.
6 നിങ്ങൾ പോകുന്ന ഇടവകയിലെ വികാരിയച്ചനെ വിളിച്ച് കുർബാനയുടെ സമയം ചോദിച്ച് മനസ്സിലാക്കിയിരിക്കണം. കുർബാനയ്ക്ക് ഒരു മണിക്കൂർ മുമ്പ് പള്ളിയിൽ എത്താൻ ശ്രമിക്കണം.
7 രണ്ട് അദ്ധ്യാപകരാണ് വിസിറ്റിന് പോകേണ്ടത്. (HM/ Staff Secretary എന്നിവരിൽ ഒരാൾ കൂടെയുണ്ടെങ്കിൽ നല്ലതാണ്.)
8 രണ്ട് അദ്ധ്യാപകരുടെ ഭക്ഷണം എല്ലാ ഇടവകയിലും ക്രമീകരിക്കുകയാണെങ്കിൽ നല്ലതാണ്.
9 മതബോധനകേന്ദ്രത്തിൽ നിന്നും തന്നിരിക്കുന്ന ഫയലിൽ വിസിറ്റിനുള്ള ഫോം ഉണ്ട്. വിസിറ്റിന് പോകുമ്പോൾ അതു കൊണ്ടുപോകേണ്ടതാണ്.
10 സൺഡേ സ്കൂൾ വിസിറ്റിനു പോകുന്നവർ നിർദ്ദിഷ്ട ഫോം കൃത്യമായി പൂരിപ്പിച്ച് (ഇടവക, ഏതു വിഭാഗം, ഓരോന്നിനും നൽകുന്ന മാർക്ക്, ആനിമേറ്ററുടെ പേര്, ഒപ്പ്, തീയതി) 5 ദിവസത്തിനുള്ളിൽ വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

11 പരസ്പരമുള്ള സന്ദർശനത്തിന് ആരും മുടക്കം വരുത്താതിരിക്കാൻ ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും കാരണവശാൽ പോകുവാൻ അസൗകര്യമുണ്ടായാൽ എത്രയും വേഗം വിജ്ഞാനഭവൻ ഓഫീസിലും പോകുന്ന ഇടവകയിലും അറിയിക്കണം.

12 വിസിറ്റിന് പോകുന്ന അദ്ധ്യാപകർ, ഇടവകകളിൽ വികാരിയച്ചന്മാർ ചെയ്യുന്ന അജപാലന-കൗദാശിക ശുശ്രൂഷകളെക്കുറിച്ചുള്ള വിമർശനങ്ങളോ വിലയിരുത്തലുകളോ ഒരു കാരണവശാലും നടത്തരുത്.

**(ആദ്യം കൊടുത്തിരിക്കുന്ന പള്ളിയിലേയ്ക്ക് രണ്ടാമത് കൊടുത്തിരിക്കുന്ന പള്ളിയിൽ നിന്നാണ് അദ്ധ്യാപകർ പോകേണ്ടത്.)**

**Kothamangalam, Oonnukal**

**20-11-2016**

| | |
|---|---|
| Cathedral | ← Neriamangalam |
| Inchoor | ← Parisakallu |
| Keerampara | ← Ambikapuram |
| Kottappady | ← Ramalloor |
| Kozhippilly | ← Urulanthanny |
| Kuruppampady | ← Velielchal |
| Kuthumkal | ← Thrikkariyoor |
| Kuttampuzha | ← Neendapara |
| Malippara | ← Perumannoor |
| Malayinkeezhu | ← Mamalakandam |
| Mathirappilly | ← Inchathotty |
| Muttathupara | ← Vadattupara |
| Nadukani | ← Pazhampillichal |
| Nedungapra | ← Vettampara |
| Nellikuzhi | ← Oonnukal |
| Nellimattam | ← Pareekanni |
| Njayappilly | ← Pooyamkutty |

**27-11-2016**

| | |
|---|---|
| Pooyamkutty | ← Kozhippilly |
| Ramalloor | ← Muttathupara |
| Thrikkariyoor | ← Keerampara |
| Urulanthanny | ← Malayinkeezhu |
| Vadattupara | ← Kuruppumpady |
| Velielchal | ← Nellimattam |
| Vettampara | ← Puliyanpara |
| Ambikapuram | ← Kuthunkal |
| Inchathotty | ← Njayappilly |
| Mamalakandam | ← Nellikuzhy |
| Neendapra | ← Nedungapra |
| Neriamangalam | ← Inchoor |
| Oonnukal | ← Cathedral |
| Pareekanni | ← Kottapady |
| Parisakallu | ← Mathirappilly |
| Pazhampillichal | ← Nadukani |
| Perumannoor | ← Kuttampuzha |
| Puliyanpara | ← Malippara |

**Kaliyar, Paingottoor**

**20-11-2016**

| | |
|---|---|
| Kaliyar | ← Pothanikad |
| Koduvely | ← Rajagiri |
| Mundanmudy | ← Punnamattam |
| Njarakad | ← Kadavoor |
| Thennathoor | ← Mullaringad |
| Thommankuth | ← Paingottoor |
| Vannapuram | ← Kulappuram |

**27-11-2016**

| | |
|---|---|
| Kadavoor | ← Mundamudy |
| Kulappuram | ← Thennathoor |
| Mullaringad | ← Kaliyar |
| Paingottoor | ← Koduvelly |
| Pothanikad | ← Vannappuram |
| Punnamattam | ← Njarakad |
| Rajagiri | ← Thommankuth |

**Thodupuzha, Mailacombu, Marika**

**20-11-2016**

| | |
|---|---|
| Alakode | ← Mailacombu |
| Anchiri | ← Vettimattam |
| Chittoor | ← Thazhuvankunnu |
| Kalayanthani | ← Nakappuzha |
| Kallanickal | ← Perumballichara |
| Methotty | ← Ezhalloor |
| Nediakadu | ← Kalloor |
| Pannimattam | ← Ezhalloor |
| Ponnamthanam | ← Marika |
| Thalayanadu | ← Nediasala |
| Thodupuzha | ← Kuninji |
| Thodupuzha East | ← Purapuzha |
| Thoipra | ← Kolady |

**27-11-2016**

| | |
|---|---|
| Vettimattam | ← Thalayanad |
| Ezhalloor | ← Thodupuzha East |
| Kaloor | ← Thodupuzha |
| Mailacombu | ← Ponnathanam |
| Nakapuzha | ← Pannimattam |
| Perumballichira | ← Kallanickal |
| Thazhuvamkunnu | ← Kalayanthani |
| Kolady | ← Chittoor |
| Kuninji | ← Anchri |
| Marika | ← Alacode |
| Nediasala | ← Thoipra |
| Purappuzha | ← Nediakad |

**Muthalakodam, Karimannoor**

**20-11-2016**

| | |
|---|---|
| Chalassery | ← Uppukunnu |
| Kodikulam | ← Udumbannoor |
| Muthalakodam | ← Peringassery |
| Parapuzha | ← Malayinchi |
| Vandamattam | ← Thattakuzha |
| Vazhakala | ← Pallikamury |
| Cheenikuzhi | ← Neyyassery |
| Cheppukulam | ← Karimannoor |
| Chilavu | ← Mulapuram |

**27-11-2016**

| | |
|---|---|
| Malayinchi | ← Chalassery |
| Mulappuram | ← Muthalakodam |
| Karimannoor | ← Parapuzha |
| Neyyassery | ← Cheenikuzhi |
| Pallickamury | ← Vazhakala |
| Peringassery | ← Vandamattam |
| Thattakuzha | ← Kodikulam |
| Uppukunnu | ← Chilavu |
| Udumbannoor | ← Cheppukulam |

**Vazhukulam, Muvattupuzha, Arakuzha**

**20-11-2016**

| | |
|---|---|
| Anicadu | ← Enanalloor |
| Karakunnam | ← Kadalikad |
| Marady East | ← Ayavana |
| Mekkadambu | ← Thottakara |
| Mudavoor | ← Vadakode |
| Muvattupuzha | ← Bethlehem |
| Muvattupuzha East | ← Vazhakulam |
| Randar | ← Kavakad |
| Vazhapilly East | ← Nadukara |
| Arakuzha | ← Perumballoor |
| Arikuzha | ← Kalloorkad |
| Meenkunnam | ← Peringuzha |

**27-11-2016**

| | |
|---|---|
| Peringuzha | ← Marady |
| Perumballoor | ← Mudavoor |
| Thottakara | ← Anicadu |
| Ayavana | ← Arakuzha |
| Bethlehem | ← Meenkunnam |
| Enanalloor | ← Arikuzha |
| Kadalikad | ← Karakunnam |
| Kalloorkad | ← Muvattupuzha |
| Kavakad | ← Muvattupuzha East |
| Nadukkara | ← Mekkadumbu |
| Vadakode | ← Randar |
| Vazhakulam | ← Vazhappilly East |

*V. 119/2016* **SMC അവാർഡ് 2016-17 റീജണൽ തിരഞ്ഞെടുപ്പ്**

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാ പുരസ്കാര അവാർഡിനായുള്ള പരിശീലന ക്യാമ്പിലേയ്ക്ക് രൂപതയിൽ നിന്നുള്ള സെലക്ഷൻ നടത്തുന്നു. വിശ്വാസപരിശീലനത്തിൽ XII-ാം ക്ലാസ്സിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. രൂപതാതല സെമിനാർ 2016 നവംബർ 12-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നതാണ്. സമയം 9.30 am മുതൽ 4.30 pm വരെ.

*V. 120/2016* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം**

**രൂപതാതലം : 2016 ഡിസംബർ 10 ശനി**

**സമയം : 10.30 a.m. - 12.00 noon.**

**സ്ഥലം : വിജ്ഞാനഭവൻ കേന്ദ്രം**

*V. 121/2016* **ഏറ്റവും മികച്ച സൺഡേസ്കൂൾ ഡയറികൾ**

**GROUP A**

I സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, തൊടുപുഴ
II സെന്റ് ജോർജ് സൺഡേ സ്കൂൾ, മുതലക്കോടം
III വിമല മാതാ സൺഡേ സ്കൂൾ, കദളിക്കാട്

**GROUP B**

I മാർ സ്ലീവാ സൺഡേ സ്കൂൾ, വണ്ണപ്പുറം
II സെന്റ് ഫ്രാൻസീസ് സേവ്യേഴ്സ് സൺഡേ സ്കൂൾ, പോത്താനിക്കാട്
III സെന്റ് തോമസ് മൂർ സൺഡേ സ്കൂൾ, ആലക്കോട്

**GROUP C**

I സെന്റ് മേരീസ് സൺഡേ സ്കൂൾ, മാലിപ്പാറ
II സെന്റ് മേരീസ് സൺഡേ സ്കൂൾ, മുട്ടത്തുപാറ
III സെന്റ് മേരീസ് സൺഡേ സ്കൂൾ, നീണ്ടപാറ

*V. 122/2016* **Short Film Competition**

Short Film മത്സരത്തിന്റെ DVD നൽകാനുള്ള അവസാന തീയതി നവംബർ 30 ആണെന്ന് ഓർമ്മിക്കുമല്ലോ.

*V.123/2016* **നന്ദി**

വിശ്വാസപരിശീലന യൂണിറ്റ് വിലയിരുത്തലിനായി പോകുന്നവർക്കായി 23-ാം തീയതി നെസ്റ്റിൽ വച്ചു നടന്ന സെമിനാറിലേക്കായി അദ്ധ്യാപകരെ പറഞ്ഞയച്ച വികാരിയച്ചനും വന്നവർക്കും നന്ദി അറിയിക്കുന്നു.

*Director*



# Corporate Educational Agency

*Edn. 46 /2016* **Catechism/Moral Science വാർഷിക പരീക്ഷ**

Catechism/ Moral Science വാർഷികപരീക്ഷ 2016 ഡിസംബർ മാസത്തിൽ നടത്തുന്നതാണ്. ടൈം ടേബിൾ ഡിസംബർ മാസത്തെ ദൈവരാജ്യത്തിൽ അറിയിക്കുന്നതാണ്.

*Edn. 47 /2016* **Catechism/Moral Science Competitive Examination 2016-17**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള Catechism/ Moral Science രൂപതാതല മത്സരപരീക്ഷകൾ 2017 ജനുവരി മാസം നിശ്ചിത സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ഓരോ വിഷയത്തിനും ഏറ്റവും കൂടുതൽ മാർക്കു നേടിയ മൂന്നു കുട്ടികളെ മത്സരപരീക്ഷയിൽ പങ്കെടുപ്പിക്കാം. (60 ശതമാനത്തിൽ താഴെ മാർക്കു നേടിയ കുട്ടികളെ പരിഗണിക്കരുത്). മത്സരപരീക്ഷകളുടെ കാര്യം കുട്ടികളുടെ രക്ഷാകർത്താക്കളെ അറിയിക്കുകയും വേണം. കൂടുതൽ വിവരങ്ങൾ ഡിസംബർ മാസത്തെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിക്കും.

*Edn. 48/2016* **കായിക-കലാ-ശാസ്ത്രമേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കണം**

ഒക്ടോബർ, നവംബർ മാസങ്ങളിലായി നടത്തപ്പെടുന്ന സബ്ജില്ല, റവന്യൂജില്ല, സംസ്ഥാനതല മേളകളിൽ കഴിയുന്നത്ര കുട്ടികളെ പങ്കെടുപ്പിക്കണം. കുട്ടികൾക്ക് ചിട്ടയായ പരിശീലനം നൽകുന്ന കാര്യത്തിൽ ബന്ധപ്പെട്ട അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. മത്സരഫലങ്ങൾ ഈ ഓഫീസിലേക്ക് അറിയിക്കുകയും വേണം.

*Edn. 49/2016* **അദ്ധ്യാപകനിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു**

നമ്മുടെ കോർപ്പറേറ്റിലെ സ്കൂളുകളിൽ English/ Malayalam/Hindi/ Sanskrit/Arabic എന്നീ ഭാഷകൾ പഠിപ്പിക്കുവാൻ യോഗ്യതാസർട്ടിഫിക്കറ്റുകൾ നേടിയിട്ടുള്ളവരിൽനിന്ന് (B.Ed/MEd/MPhil/SET/C-TET/ K-TET) അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫാറങ്ങൾ നവംബർ 15 മുതൽ Corporate Educational Office-ൽനിന്നും ലഭിക്കുന്നതാണ്. ഡിസംബർ 15 വരെ മാത്രമേ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ. പരീക്ഷയും ഇന്റർവ്യൂവും ക്രിസ്തുമസ് അവധിക്കാലത്തായിരിക്കും നടത്തുക. പഴയ റാങ്ക്ലിസ്റ്റിന്റെ കാലാവധി പൂർത്തിയാവുകയാണ്. ഇപ്പോൾ സ്കൂളുകളിൽ സ്ഥിരനിയമനം ലഭിക്കാത്തവർ അപേക്ഷ നൽകേണ്ടതാണ്.

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

*CML74 /2016* **രൂപതാ കലോത്സവം**

രൂപതാ കലോത്സവം ഒക്ടോബർ 10-ാം തീയതി മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തി. കലാമത്സരങ്ങൾ ഭംഗിയായി നടത്തുവാൻ സഹകരിച്ച മേഖലാ-ശാഖാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കും രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**മത്സര വിജയികൾ**

ഒന്നാം സ്ഥാനം - മുതലക്കോടം മേഖല
രണ്ടാം സ്ഥാനം - കാളിയാർ മേഖല
മൂന്നാം സ്ഥാനം - വാഴക്കുളം മേഖല

**Solo - Sub Junior Boys**
I Alfred Gigi, Kurukkankunnel, Mailacomb, Thodupuzha
II Eby Shajan, Puthiyedath, Kulappuram, Vazhakulam
III Don Michael Demmy, Vattappalam, Neyyassery, Karimannoor

**Solo - Sub Junior Girls**
I Jyothis Maria Saji, Myppan, Kuttampuzha, Kothamangalam
II Richa Vince, Kalapurayil, Alakode, Muthalakodam
III Dhanya Theresa Paul, Kuzhikannil, Karimannoor, Karimannoor

**Solo - Junior Boys**
I Noel D Linson, Enchackal,Nedungapra, Kothamangalam
II Ashin K Siju, Kalambukattu, Kalloorkad, Vazhakulam
III Ajith Antony, Thottiyil, Kodikkulam, Kaliyar

**Solo - Junior Girls**
I Andrea Rose Joseph, Kaippasseriyil, Thodupuzha, Thodupuzha
II Irene Jacob, Poozhickal, East Vazhappilly, Muvattupuzha
III Femy Premson, Kumbilimoottil, Karimannoor, Karimannoor

**Solo - Senior Boys**
I Joseph Binu Chacko, Vandhiyil, Neriamangalam,Oonnukal
II Abin George, Thottumchalil, Vazhakulam, Vazhakulam
III Sachin Sebastian, Vellilakattu, Muvattupuzha, Muvattupuzha
III Romis P Tom, Punchakunnel, Thodupuzha, Thodupuzha

**Solo - Senior Girls**
I Merin Thomas, Paruthikkattu, Perumannoor, Oonnukal
II Divya Benny, Naduparambil, Chalassery, Muthalakodam
II Mariya N Tom, Nadukunnel, Thodupuzha East, Thodupuzha
III Elizabath Mathew, Palathara, Pareekanny, Oonnukal



**Solo - Super Senior Boys**
I Libins Scaria, Edinjapuzhayil, Kaliyar,Kaliyar
II Renny Antony, Koroth, Thodupuzha East, Thodupuzha
III Arun Baby,Korothu, Thoudpuzha, Thodupuzha

**Solo -Super Senior Girls**
I Aleena George, Thottumchalil, Vazhakulam,Vazhakulam
II Riya George, Cherumattathil, Vazhakulam, Vazhakulam
III Mekhanamol Antony, Thekkumkanathil, Nediakad, Thodupuzha

**Speech - Sub Junior Boys**
I George Suni Babu, Marattil, Vazhakkala, Muthalakodam
II Jose Abraham, Chakkulathil, Chalassery, Muthalakodam
III Milan Joe Baby, Puthenpurackal, Vannappuram, Kaliyar

**Speech - Sub Junior Girls**
I Merin Joseph, Kulangattil, Paingottor, Kaliyar
II Alanta Maria Shaji, Kunnathukuzhiyil, Udumbannoor, Karimannoor
III Vismaya George, Panackal, Muthalakodam, Muthalakodam

**Speech - Junior Boys**
I Arvin Prasalu, Chakkamkunnel, Muthalakodam, Muthalakodam
II Rohan Robinson, Poothakkuzhiyil, Mailacomb, Thodupuzha
III Nikhil Biju, Thadathil, Neyyassery, Karimannoor

**Speech - Junior Girls**
I Delz Sunil, Karottu, Karimannoor, Karimannoor
II Aleena George, Madalamkunnel, Kadalikadu, Vazhakulam
III Rosely Biju, Valiyakulathil, Njarakkad,Kaliyar

**Speech - Senior Boys**
I Amal Shaju, Ummanalputhenpurayil, Muthalakodam, Muthalakodam
II Pauls Xavi, Mangattukattayil, Kothamangalam, Kothamangalam
III Britto V Jaison, Vadakkekunnel, Kothamangalam, Kothamangalam

**Speech - Senior Girls**
I Kanak Mathew, Thannickal, Muthalakodam, Muthalakodam
II Lidia Theresa Pious, Nedumchalil, Vazhakulam, Vazhakulam
III Anetta Jose,Thottathimyalil, Neyyassery, Karimannoor

**Speech -Super Senior Boys**
I Santo Joy, Pallath, Muthalakodam, Muthalakodam
II Alan George, Vadakkekkara, Perumballoor, Muvattupuzha
III Alwin George Kolattukudy, Kothamangalam, Kothamangalam
III Feny Joy, Pallikkunnel, Chalassery, Muthalakodam

**Speech -Super Senior Girls**
I Joslin Jose, Kalappurathottiyil, Pannimattom, Muthalakodam
II Mariya Johnson, Chennampillil, Karakkunnam, Muvattupuzha

III Liss Mariya Roy, Thakarappilliyil, Kaliyar, Kaliyar
III Tania Augustin, Akkappadickal, Muthalakodam, Muthalakodam

**Bible Reading- Sub Junior Boys**

I Anand Ritty Jojan, Nedumkallel, Thodupuzha, Thodupuzha
II Alex Benny, Puthenpeedikayil, Paingottoor, Kaliyar
III Kevin Siby, Karakkattu, Pothanikadu, Muvattupuzha
III Akhil Shan, Theruvamkunnel, Nediakad, Thodupuzha

**Bible Reading- Sub Junior Girls**

I Rose Maria Jose, Vettukallumpurathu, Arakuzha, Muvattupuzha
II Rani Maria Jose, Vettukallumpurathu, Arakuzha, Muvattupuzha
III Amulya Geo, Oliappuram, Kothamangalam, Kothamangalam

**Quiz Junior Boys**

I George Joseph, Karakunnel, Muthalakodam, Muthalakodam
I John Paul, Nirappath, Kadalikad, Vazhakulam
II Joyal Johnson, Pattarumadam, Chalassery, Muthalakodam
III Melbin Jomon, Pendanath, Rajagiri, Kaliyar
III Alan John, Pullankattayil, Inchathotty, Oonnukal

**Quiz Junior Girls**

I Elizabeth Benny, Molathu, Enanalloor, Vazhakulam
II Sneha Francy, Thayyil, Nediasala, Thodupuzha
III Mariya Abraham, Chakkulathil, Chalassery, Muthalakodam
III Anjaly Baiju, Kanjirathinkal, Arakuzha, Muvattupuzha

**Quiz Senior Boys**

I Kevin Joy, Maruthvamalayil, Paingottor, Kaliyar
II Don Savio George, Edathala, Kulappuram, Vazhakulam
III Tony Goerge, Chundattu, Muthalakodam, Muthalakodam

**Quiz Senior Girls**

I Jiya Brigit, Paickattu, Anicadu, Muvattupuzha
II Amala Xavi, Mangattukattayil, Kothamangalam, Kothamangalam
III Merin Thomas, Nadupadambil, Kalayanthani, Muthalakodam
III Julia Babu, Thannickal, Kalayanthani, Muthalakodam
III Manjima Kurian, Mankuthel, Enanalloor, Vazhakulam
III Jija Mary Sabu, Kunnath, Kavakkad, Vazhakulam

**Quiz Super Senior Boys**

I Manu Mathew, Thondiyil, Puliyanpara, Oonnukal
II Mathews Joseph, Pallikunnel, Muthalakodam, Muthalakodam
III Justine P Varghes,Parunthumplackal, Kaloor, Vazhakulam

**Quiz Super Senior Girls**

I Manjeena Maria Thomas, Vattakkunnel, Karimannoor, Karimannoor
II Reshma Michael, Koottumgal, Nedungapra, Kothamangalam



III Ankitha Antony, Kunjiparayil, Paingottoor, Kaliyar
III Ancy Zacharia, Kappil, Muthalakodam, Muthalakodam

**Kathaprasangam - Sub Junior**

I Annmaria Anto, Muttathuparambil, Kothamangalam
II Anjana Wilson, Njaralakkattu, Arakuzha, Muvattupuzha
III Mekha Mary Varghes, Kalappurackal, Thodupuzha, Thodupuzha

**Kathaprasangam - Junior**

I Merlin Xavier, Kalapurakudy, Nadukany, Kothamangalam
II Aleena George, Mulackal, Marika, Thodupuzha
III Elsa Philo Aloysius, Valiyaparambil, Udumbannoor, Karimannoor

**Kathaprasangam - Senior**

I Reximol Mathew, Nellikunnel, Kalayanthani, Muthalakodam
II Diya Kappan, Kappil, Vannappuram, Kaliyar
III Anna Susan Roy, Peechattu, Nellimattom, Oonnukal

**Bible Scene**

I Akhil Joseph, Kizhakkanangnathil, Muthalakodam & Party, Muthalakodam
II Ajith Vincent, Belikkunnel, Kaliyar & Party, Kaliyar
III Amal Abraham, Palackal, Arakuzha & Party, Muvattupuzha

**Debate**

I Amal Shaju, Ummanalputhenpurayil, Muthalakodam & Party Muthalakodam
II Lismariya Roy, Thakarappillil, Kaliyar & Party, Kaliyar
III Grace Biju, Kalapurayil, Vazhakulam & Party, Vazhakulam

**Group Song**

I Ajil Anto, Thuruthel, Kaliyar & Party, Kaliyar
II Neethu Abraham, Kozhikottu, Muthalakodam & Party, Muthalakodam
III Lissa Abraham, Elanjickal,Kothamangalam & Party, Kothamangalam

**Margamkali**

I Amitha Anson, Almoottil, Muvattupuzha& Party, Muvattupuzha
II Alphonsa Joy, Pazhukkakulath, Muthalakodam & Party, Muthalakodam
III Elizabeth Athulya Dalbi, Panamkattu, Nediakad & Party, Thodupuzha

**Mission Anthem**

I Ajil Anto, Thuruthel, Kaliyar & Party, Kaliyar
II Tonin Joy, Pulparambil, Vazhakulam & Party, Vazhakulam
III Neethu Abraham, Kozhikottu, Muthalakodam & Party, Muthalakodam

**Parichamuttukali**

I Nirmal J George, Enanalloor & Party, Vazhakulam
II Jibin Joshy, Vettikkattu, Kalayanthani & Party, Muthalakodam
III Alan Siju, Nedunganal, Thodupuzha & Party, Thodupuzha

*CML75 /2016* **കാരുണ്യവർഷ സമാപനം**

മിഷൻലീഗിന്റെ നേതൃത്വത്തിൽ കാരുണ്യവർഷ സമാപനം തൊടുപുഴ ടൗൺ പള്ളിയിൽ വച്ചു നടക്കുന്നു. ഓരോ മേഖലയിലും നല്കിയിരിക്കുന്ന കരുണയുടെ രൂപം നവംബർ 18-ാം തീയതി തൊടുപുഴ ടൗൺ പള്ളിയിൽ എത്തിക്കേണ്ടതാണ്. അന്നേദിവസം വൈകുന്നേരം 6.30 മുതൽ ശ്രീ. ബേബി ജോൺ കലയന്താനിയുടെ നേതൃത്വത്തിൽ രാത്രി ആരാധന നടത്തുന്നതാണ്. എല്ലാ മേഖ ലാ-ശാഖാ ഭാരവാഹികളും ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ട താണ്. 19-ാം തീയതി രാവിലെ 6.30-ന് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അർപ്പിക്കുന്ന ദിവ്യബലിയോടുകൂടിയായിരിക്കും സമാപിക്കുന്നത്.

*CML76 /2016* **നോവൽ രചന മത്സര വിജയികൾ**

ചെറുസൂനം മാസികയുടെ നേതൃത്വത്തിൽ നടത്തിയ നോവൽ രചന മത്സര വിജയികളായ മാത്യൂസ് ജെ. പ്ലാക്കൽ, ജയനാരായണൻ എന്നിവർക്ക് സാഹിത്യ ശില്പശാലയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് മെമന്റോയും ക്യാഷ് അവാർഡും സമ്മാനിച്ചു.

*CML77 /2016* **സംസ്ഥാന കലോത്സവം**

രൂപതാ മത്സരത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവരും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ചവരും സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പുവരുത്താൻ ഡയറക്ടേഴ്സും ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ. നവംബർ 11-ാം തീയതി മാനന്തവാടി രൂപതയിലെ കണിയാരം ഇടവക GKM HSS സ്കൂളിൽ വച്ചാണ് സംസ്ഥാന മത്സരങ്ങൾ നടക്കുന്നത്. നവംബർ 10-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് നെസ്റ്റിൽ നിന്നും പുറപ്പെട്ട് 12 -ാം തീയതി വെളുപ്പിന് കുട്ടികളെ തിരിച്ച് നെസ്റ്റിൽ എത്തിക്കുന്ന രീതിയിലാണ് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നത്.

*CML 78 /2016* **ബുള്ളറ്റിൻ വാർത്തകൾ**

മിഷൻ ലീഗിന്റെ ബുള്ളറ്റിനിലേക്കുള്ള വാർത്തകൾ നവംബർ 15 ന് മുമ്പ് രൂപതാ ഓഫീസിലോ സെക്രട്ടറിയേയോ ഏല്പിക്കേണ്ടതാണ്.

*CML 79 /2016* **സമ്മാനക്കൂപ്പൺ**

സി.എം.എൽ. സമ്മാനക്കൂപ്പണിന്റെ തുക ഇനിയും ഓഫീസിൽ എത്തിക്കാത്തവർ നവംബർ 15-ാം തീയതിക്കകം അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ. ബംബർ സമ്മാനം ലഭിക്കുന്നവർക്ക് അത് ഓഫീസിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

*CML 80 /2016* **കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസ മത്സരം**

മിഷൻലീഗ് രൂപത മാർഗരേഖയിൽ അറിയിച്ചിരുന്നതുപോലെ സി.എം.എൽ സ്ഥാപക നേതാവ് ശ്രീ. പി. സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ അനുസ്മരണാർത്ഥം ഉപന്യാസമത്സരം നടത്തപ്പെടുന്നു. രണ്ടു വിഭാഗത്തിലായിരിക്കും മത്സരം.

1. ഡയറക്ടേഴ്സ്, അസി. ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടേഴ്സ്, എന്നിവർക്കായി ഉപന്യാസമത്സരം.
   വിഷയം: "കാരുണ്യം സമർപ്പിത ജീവിതത്തിൽ."
2. അല്മായ മിഷനറിമാർക്കായി ഉപന്യസമത്സരം.
   വിഷയം: "ലിസ്യൂവിലെ വിശുദ്ധ ദമ്പതികൾ കുടുംബങ്ങൾക്ക് മാതൃക."

രചനകൾ 6 പേജിൽ കുറയരുത്. 2016 നവംബർ 30 -ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഒന്നാം സമ്മാനം - 1001 രൂപയും ട്രോഫിയും.
രണ്ടാം സമ്മാനം - 701 രൂപയും ട്രോഫിയും.
മൂന്നാം സമ്മാനം - 501 രൂപയും ട്രോഫിയും.

*Director*

## കെ.സി.എസ്.എൽ.

*KCSL 48 /2016* **രൂപതാ കലോത്സവം**

നവംബർ 5-ാം തീയതി ശനിയാഴ്ച മുവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുമെന്നറിയിച്ചിരുന്ന രൂപതാ കലോത്സവം അദ്ധ്യാപകരുടെ ക്ലസ്റ്റർ ആണെങ്കിൽ നവംബർ നവംബർ 26-ലേക്ക് മാറ്റുന്നതായിരിക്കും രാവിലെ 9.00 മണിക്ക് ആരംഭിക്കും.

*KCSL 49 /2016* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് വിജയികൾ**

**HSS**

**I സെന്റ് അഗസ്റ്റിൻസ് HSS, കോതമംഗലം**
നിമ്മി ലാൽ, ദിവ്യ മാത്യു

**II സെന്റ് ജോസഫ്സ് HSS, പൈങ്ങോട്ടൂർ**
കെവിൻ ജോയി, ബ്രില്ല്യൻ ജോസ്

**III സെന്റ്സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്**
ആൽഫി ജോളി, ജിയ മേരി സാബു

**HS**

**I സെന്റ്സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്**
ആൽബർട്ട് സെബാസ്റ്റ്യൻ, അനറ്റ് സെബാസ്റ്റ്യൻ

**II സെന്റ് ജോസഫ്സ് HSS, പൈങ്ങോട്ടൂർ**
ജോസ്വിൻ ഡെയിൻ, ആഗ്നൽ മേരി പ്രിയദാസ്

**III സെന്റ്ലിറ്റിൽ തെരേസാസ് HS, വാഴക്കുളം**
ഡാനിയേൽ ഷാജി, എൽബിൻ ബിനു

**UP**

**I ജയ്റാണി പബ്ലിക് സ്കൂൾ, കാളിയാർ**
ആൻ ഗ്രെയ്സ് ഫ്രാൻസീസ്, ജോഹന്ന മേരി ജോർജ്

**II ശോഭന പബ്ലിക് സ്കൂൾ, കോതമംഗലം**
റ്റാനിയ സജി, അൽഖ മേരി ജെയിംസ്

**III സെന്റ് ജോസഫ്സ് HS, ആരക്കുഴ**
ഡോണ സജി, തെരേസ് മരിയ ജിമ്മി

*KCSL 50 /2016* **ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

നവംബർ 19-ാം തീയതി നടത്തുവാനിരുന്ന ജോയിന്റ് ഡയറക് ടേഴ്സ് മീറ്റ് ഉണ്ടായിരിക്കുന്നതല്ല.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 36/2016* **രൂപതാ സമിതി സന്ദർശനം നടത്തി**

രൂപതയിലെ മുതലക്കോടം, ചാലാശ്ശേരി, കോടിക്കുളം, പാറപ്പുഴ, വണ്ട മറ്റം, വാഴക്കാല, ആരക്കുഴ, മീങ്കുന്നം, കോതമംഗലം, നെല്ലിക്കുഴി, രാജഗി രി, കദളിക്കാട്, കരിമണ്ണൂർ, കാളിയാർ, തൊടുപുഴ, തലയനാട്, പന്നിമറ്റം, കലയന്താനി, അഞ്ചിരി, പൂയംകുട്ടി എന്നീ ഇടവകകളിൽ രൂപതാസമിതി സന്ദർശനം നടത്തി.

*DFC 37/2016* **അഭിനന്ദനങ്ങൾ**

DFC-യുടെ ആഭിമുഖ്യത്തിൽ സൗജന്യമെഡിക്കൽ ക്യാമ്പും നേത്ര പരിശോധനാക്യാമ്പും നടത്തിയ കുണിഞ്ഞി യൂണിറ്റിനും നേതൃത്വം നൽകിയ വികാരി ബഹു. ഫാ. ജോർജ് പൊട്ടയ്ക്കലിനും DFC ഭാരവാഹി കൾക്കും അഭിനന്ദനങ്ങൾ.

ദീപികയുടെ പ്രചരണാർത്ഥം പള്ളിപ്പരിസരത്ത് വലിയ പരസ്യ ബോർഡുകൾ സ്ഥാപിച്ച പെരിങ്ങഴ യൂണിറ്റിനും നേതൃത്വം നൽകിയ വികാരി ഫാ. ജോസഫ് കോയിത്താനത്തിനും DFC ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

*DFC 38/2016* **ഫൊറോന കൺവെൻഷനും ഷെയർ ഹോൾഡേഴ്സ് യോഗവും**

നവംബർ, ഡിസംബർ മാസങ്ങളിലായി എല്ലാ ഫൊറോനകളിലും കൺവെൻഷനും ഷെയർ ഹോൾഡേഴ്സ് യോഗവും നടത്തുന്നതിനുള്ള ഒരു ക്കമായി ഇനിയും ഭാരവാഹികൾ തെരഞ്ഞെടുക്കപ്പെടുവാനുള്ള സ്ഥലങ്ങ ളിൽ തെരഞ്ഞെടുപ്പും സംഘടനാ രൂപീകരണവും നടത്തണം.



*DFC 39/2016* **Yes Lord - 2016**

DFC യും KCYM കോതമംഗലം രൂപതയും സാൻജോ ഭവൻ നാടു കാണിയും സംയുക്തമായി മുതിർന്നവർക്കും (60 വയസ്സിനു മുകളിൽ) ഭിന്ന ശേഷിയുള്ളവർക്കും കിടപ്പുരോഗികൾക്കുംവേണ്ടി നവംബർ 21 മുതൽ 24 വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് Yes Lord-2016 എന്ന അഭിഷേക ധ്യാനം ക്രമീകരിച്ചിരിക്കുന്നു. ബ്ര. സെൻട്രോ ആന്റ് ടീം കല്പറ്റയാണ് ധ്യാനം നയിക്കുന്നത്. എല്ലാവർക്കും കൗൺസലിംഗിന് സൗകര്യം ഉണ്ട്. ആദ്യം രജി സ്റ്റർ ചെയ്യുന്ന 200 പേർക്കാണ് അവസരം ഉണ്ടായിരിക്കുക. ധ്യാന ബുക്കിം ഗിന്: ഫാ. സ്കറിയ പുന്നമറ്റത്തിൽ 9447382281, ഫാ. സെബാസ്റ്റ്യൻ കണിമ റ്റത്തിൽ 9747975511, സാൻ ജോ ഭവൻ 7025220601, 9400638466

*Co-ordinator*

## സോഷ്യൽ സർവീസ്

*SS. 33 /2016* **ജീവ മെഡിക്കൽസ് - കോതമംഗലം**

രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോതമംഗലം ചെറിയപള്ളിത്താഴെ ജീവ മിൽക്ക് ഡിപ്പോയോട് ചേർന്ന് അരമന കെട്ടിടത്തിൽ ആരംഭിച്ച ജീവ മെഡിക്കൽസിന്റെ വെഞ്ചരിപ്പ് കർമ്മം വികാരി ജനറാൾ മോൺ. ജോർജ് കാര്യാമഠം നിർവഹിച്ചു. മെഡിക്കൽ ഷോപ്പിലെ ആദ്യവിൽപന വികാരിജനറാൾ മോൺ. ജോർജ് ഓലിയപ്പുറം നിർവഹിക്കുകയുണ്ടായി. KSSS ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ചു. കത്തീഡ്രൽ വികാരി ഫാ. മാത്യൂസ് മാളിയേക്കൽ, KSSS സ്റ്റാഫ് അംഗങ്ങൾ, ജീവ മെഡിക്കൽ സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ലാഭം ലക്ഷ്യമാക്കാതെ കഴിയുന്നിടത്തോളം കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിതരണം ചെയ്യുക എന്നതാണ് ലക്ഷ്യം. മരുന്നുകൾക്ക് 15% മുതൽ 50 % വരെ ഡിസ്കൗണ്ട് നൽകി വരുന്നു.

*SS. 34/2016* **ആശാകിരണം Coin Box**

കഴിഞ്ഞ വർഷം സോഷ്യൽ സർവ്വീസിന്റെ നേതൃത്വത്തിൽ നിങ്ങ ളുടെ വീടുകളിൽ വച്ച ആശാകിരണം ക്യാൻസർ സുരക്ഷ സംഭാവന പെട്ടി യിൽനിന്ന് ഒരു കോടിയിൽപരം രൂപ സംഭാവന ലഭിക്കുകയുണ്ടായി. ആയി രത്തോളം ക്യാൻസർ, കിഡ്നി രോഗികളുടെ ചികിത്സയ്ക്കായി ഈ തുക നൽകികൊണ്ടിരിക്കുന്നു. ഈ വർഷം ഡിസംബർ മാസത്തിൽ വീണ്ടും ഈ ബോക്സുകൾ തുറക്കുന്നതും സംഭാവന സ്വീകരിക്കുന്നതുമായിരിക്കും. കാരു ണ്യവർഷത്തിൽ എല്ലാവരുടെയും ഉദാരമായ സഹകരണം പ്രതീക്ഷിക്കു ന്നു. ലഭിക്കുന്ന തുക KSSS ഓഫീസിൽ ഏല്പിക്കുവാൻ താല്പര്യപ്പെടു ന്നു. തുറക്കുന്ന ബോക്സുകൾ വീടുകളിൽ തന്നെ സ്ഥാപിക്കണം. വീടുക

ളിൽ നൽകാനുള്ള രസീതും ബോക്സിൽ ഒട്ടിക്കാനുള്ള സ്റ്റിക്കറും ഇടവകകളിൽ മുൻകൂട്ടി എത്തിക്കുന്നതാണ്.

*SS. 35/2016* **സൗജന്യപച്ചക്കറിവിത്ത് വിതരണം**

ആശാകിരണം പദ്ധതിയുടെ ഭാഗമായി എല്ലാ കുടുംബങ്ങളിലും ഓരോ പായ്ക്കറ്റ് പച്ചക്കറി വിത്തുകൾ സൗജന്യമായി നൽകുന്നതാണ്. ഇവ Coin-box തുറക്കുന്ന സമയത്ത് വീട്ടുകാർക്ക് കൈമാറാവുന്നതാണ്.

*SS. 36/2016* **പാവപ്പെട്ട കുടുംബങ്ങൾക്കുള്ള സഹായ പദ്ധതി**

കഴിഞ്ഞ 40 വർഷത്തോളമായി വിദേശത്തുള്ള കുടുംബങ്ങൾ കേരളത്തിലെ പാവപ്പെട്ട കുടുംബങ്ങളെ ദത്ത് എടുത്ത് സഹായിക്കുന്ന സേവ് എ ഫാമിലി പ്ലാൻ എന്ന പേരിൽ ഒരു പ്രോഗ്രാം നടന്നുവരുന്നുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി വിദേശത്തുനിന്നുള്ള സഹായം പലവിധ കാരണങ്ങളാൽ കുത്തനെ കുറഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നമ്മുടെ രൂപതയിൽപെട്ട പാവപ്പെട്ട കുടുംബങ്ങളെ ദത്ത് എടുത്ത് സഹായിക്കുവാൻ സ്വദേശത്തും വിദേശത്തുമുള്ള നമ്മുടെ രൂപതാംഗങ്ങളെ ക്ഷണിക്കുകയാണ്. മാസം തോറും 1000 രൂപ വീതം അഞ്ചു വർഷത്തേക്ക് നൽകി സഹായിക്കാനുള്ള പദ്ധതിയാണിത്. നിങ്ങൾ നൽകുന്ന ഓരോ രൂപയും ഏറ്റവും അർഹരായ വ്യക്തികളുടെ കൈകളിലെത്തിക്കുവാൻ KSSS പ്രതിജ്ഞാബദ്ധമാണ്.

*Director*

## യുവദീപ്തി

*YD 47 /2016* **യാത്രയയപ്പും സ്വീകരണവും**

യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ ആനിമേറ്ററായി അഞ്ച് വർഷക്കാലത്തെ നിസ്വാർത്ഥസേവനത്തിലൂടെ യുവജനങ്ങൾക്ക് മാർഗ്ഗദീപമായിത്തീർന്ന സി. കാരുണ്യ സി.എം.സി.യ്ക്ക് യാത്രയയപ്പും പുതിയ ആനിമേറ്ററായി ചുമതലയേൽക്കുന്ന സി. അനില എഫ്.സി.സി. ക്ക് സ്വീകരണവും ഒക്ടോബർ 8-ാം തീയതി വൈകിട്ട് 3 മണിക്ക് മുവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ഇതിൽ സഹകരിച്ച എല്ലാവർക്കും നന്ദി.

*YD 48 /2016* **ഫൊറോന ഡയറക്ടേഴ്സ്, പ്രസിഡന്റ്സ് മീറ്റ്**

യുവദീപ്തി കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഉന്നമനത്തിനായുള്ള നൂതന പദ്ധതികൾ ചർച്ച ചെയ്യുന്നതിനും ആവിഷ്ക്കരിക്കുന്നതിനുമായി ഒക്ടോബർ 8-ാം തീയതി വൈകുന്നേരം 6.00 മണിക്ക് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഫൊറോന ഡയറക്ടേഴ്സ്, പ്രസിഡന്റ്സ് മീറ്റിൽ സഹകരിച്ച എല്ലാവർക്കും നന്ദി.



*YD 49 /2016* **അമ്മയ്ക്കരികിൽ**

ജപമാല പ്രയാണത്തിന്റെ സമാപനത്തോടനുബന്ധിച്ച് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈൻ ഓഫ് ഹോളിമേരിയിൽ വച്ച് ഒക്ടോബർ 30-ന് നടന്ന അമ്മയ്ക്കരികിൽ എന്ന ആരാധനയിൽ പങ്കുകൊണ്ട് ദൈവാനുഗ്രഹം പ്രാപിച്ച എല്ലാവർക്കും നന്ദി.

*YD 50 /2016* **യുവജ്വാല**

യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ ഫൊറോനകളിലെയും യൂണിറ്റുകളിലെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും വിലയിരുത്തുവാനുമായി മൂന്നുമാസത്തിലൊരിക്കൽ ഒന്നുചേരുന്ന "യുവജ്വാല"യുടെ അടുത്ത മീറ്റിംഗ് നവംബർ 12-ന് വൈകിട്ട് 6.00 മണിക്ക് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ഫൊറോനയൂണിറ്റ് ഭാരവാഹികളും നിർബന്ധമായും ഇതിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Director*

## ജീസസ് യൂത്ത്

*JY 26 /2016* **Teens' Meet**

ജീസസ് യൂത്ത് കോതമംഗലം സോൺ Teens' Ministy-യുടെ നേതൃത്വത്തിൽ സോണിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന 8, 9 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കു വേണ്ടി Teens' Meet 2016 കറുകടം മൗണ്ട് കാർമ്മൽ കോളേജിൽ വച്ച് ഒക്ടോബർ 9-ാം തീയതി മുതൽ 12-ാം തീയതി വരെ നടത്തി. വിവിധ ഇടവകകളിൽനിന്നും സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളെ പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും അദ്ധ്യാപകർക്കും നന്ദി അറിയിക്കുന്നു.

*JY 27 /2016* **Night Vigil**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ഒക്ടോബർ 15-ാം തീയതി 6.00 pm മുതൽ 12.00 am വരെ നെസ്റ്റിൽ വച്ച് നടത്തി.

*Animator*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 48 /2016* **ജൂബിലി ദമ്പതീസംഗമം**

കോതമംഗലം രൂപതയിൽ വിവാഹത്തിന്റെ 75, 50, 25 വർഷങ്ങൾ പൂർത്തിയാക്കിയ ജൂബിലി ദമ്പതിമാരെ ഒക്ടോബർ 12-ന് വാഴക്കുളം വിശ്വ

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ആദരിച്ചു. ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ പ്രസിഡന്റ് അഡ്വ. തോമസ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തുകയും ദമ്പതിമാർക്ക് മംഗളപത്രം നൽകി ആദരിക്കുകയും ചെയ്തു. രൂപതാഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് മുഖ്യപ്രഭാഷണം നടത്തി. രൂപതാമാതൃവേദി പ്രസിഡന്റ് ശ്രീമതി നിഷാ സോമൻ സ്വാഗതം പറഞ്ഞു. റവ. ഫാ. ഡോ. വിൻസെന്റ് കുണ്ടുകുളം ക്ലാസ്സുകൾ നയിച്ചു. സംഗമത്തോട് അനുബന്ധിച്ച് കൃതജ്ഞതാബലി, വിവാഹവ്രതനവീകരണം, സ്നേഹവിരുന്ന് എന്നിവയും നടത്തപ്പെട്ടു. രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി 500-ൽ പരം ദമ്പതികൾ സംഗമത്തിൽ പങ്കെടുത്തു.

*FA 49 /2016* **ദമ്പതീധ്യാനം**

മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നവംബർ 25-ാം തീയതി വെള്ളിയാഴ്ച 5.00 pm മുതൽ 27-ാം തീയതി ഞായറാഴ്ച 5.00 pm വരെ ദമ്പതീധ്യാനം നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ദമ്പതികൾ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 800/-രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

*FA 50 /2016* **ഫൊറോന സംഗമങ്ങൾ**

കരിമണ്ണൂർ, കാളിയാർ ഫൊറോനകളിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ ഒക്ടോബർ 20, 22 തീയതികളിലായി ഫൊറോന സംഗമങ്ങൾ നടത്തി.

ഡിസംബർ 3-ാം തീയതി പൈങ്ങോട്ടൂർ ഫൊറോനയിലും ഡിസംബർ 10-ാം തീയതി ഊന്നുകൽ ഫൊറോനയിലും സംഗമം നടത്തുന്നു. രാവിലെ 9.00 മണിക്ക് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നതാണ്. ഇടവക, ഫൊറോന വാർഡുതല പ്രതിനിധികളാണ് സംഗമത്തിൽ പങ്കെടുക്കേണ്ടത്.

*FA 51 /2016* **മഡോണ ധ്യാനം**

പെരിങ്ങഴ, തോട്ടക്കര, മുള്ളരിങ്ങാട് ഇടവകകളിൽ മഡോണ ധ്യാനം നടത്തി.

*FA 52 /2016* **കുടുംബകൂട്ടായ്മ**

2016 നവംബർ മാസത്തെ കുടുംബക്കൂട്ടായ്മയിൽ ചർച്ച ചെയ്യാവുന്ന രണ്ടുവിഷയങ്ങൾ ചുവടെ ചേർക്കുന്നു:

1. വിവാഹം ഒരു കൂദാശയാണ്. കുടുംബം ദൈവിക പ്രതിച്ഛായയുള്ള കൂട്ടായ്മയാണ്. സഭാപ്രബോധനങ്ങളുടെ പശ്ചാത്തലത്തിൽ നിങ്ങൾ ഇതിനെ എങ്ങനെ മനസ്സിലാക്കുന്നു?



2. ജീവന്റെ സംക്രമണവും ശിശുപാലനവും ക്രിസ്തീയ കുടുംബബന്ധങ്ങളിൽ ഇവയ്ക്കുള്ള പ്രസക്തി എന്ത്?

'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധനം മൂന്നാം അദ്ധ്യായത്തിന്റെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യുന്നത് കൂടുതൽ ഉചിതമായിരിക്കും.

*FA 53 /2016* **നിർമ്മല മാട്രിമണി**

ഇടവകകളിൽ എത്തിച്ചിരിക്കുന്ന മാട്രിമണി രജിസ്ട്രേഷൻ ഫോമുകൾ ഫാമിലി അപ്പോസ്റ്റലേറ്റ് ലീഡേഴ്സ് വഴി വീടുകളിൽ എത്തിച്ച് പൂരിപ്പിച്ചു വാങ്ങി ഫാമിലി അപ്പോസ്റ്റലേറ്റ് ഫൊറോന പ്രസിഡന്റിനെ ഏല്പിക്കുമല്ലോ. ഫോം പൂരിപ്പിച്ച് വാങ്ങുമ്പോൾ ഫോട്ടോയും ID Proof-ന്റെ കോപ്പിയും പിൻ ചെയ്ത് വാങ്ങേണ്ടതാണ്.

*FA 54 /2016* **വെബ്സൈറ്റ്**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു വെബ്സൈറ്റ് തുടങ്ങിയിരിക്കുന്നു. www.familyapostolateklm.com

*FA 55 /2016* **വിവാഹഒരുക്കസെമിനാർ**

| | | |
|---|---|---|
| Nov. | 2 - 4 | - NESTT |
| " | 16 - 18 | - NESTT |

പ്രീമാര്യേജ് കോഴ്സിൽ പങ്കെടുക്കുന്നവർക്ക് ഇനിമുതൽ ഓൺലൈനിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

*FA 56 /2016* **Marriage Preparation Courses in Kerala, November 2016**

| DIOCESE / ARCHDIOCESE | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|
| Alapppuzha | 4-6 | | | 25-27 |
| Changanachery | 7-9 | | 21-23 | 28-30 |
| Ernakulam (Kaloor) | 7-9 | 14-16 | 21-23 | 28-30 |
| Ernakulam (Kalady) | | 15-17 | 22-24 | 29-1 |
| Idukki | | 12-14 | | |
| Irinjalakuda | 31-2 | | 14-16 | 28-30 |
| Kanjirappally | 7-9 | | | 24-26 |
| Kochi (Latin) | | 10-13 | | 25-27 |
| Kollam (Latin) | | 9-11 | | 23-25 |
| Kothamangalam | 2-4 | | 16-18 | |
| Kottappuram (Latin) | 2-4 | | | |
| Kottayam | | 10-12 | | |
| Mananthavady | | | 18-21 | |
| Mavelikkara (Malankara) | | 11-13 | | |

| | | | | |
|---|---|---|---|---|
| Neyyattinkara (Latin) | | 9-11 | | |
| Pala | 31-2 | | 14-16 | |
| Palakkad | 7-10 | | | |
| Pathanamthitta | | 11-13 | | |
| Sulthanpett | 5-6 | | | |
| Thalassery | 1-3 | 8-10 | | 22-24 |
| Thamarassery | | 9-12 | | |
| Thiruvalla | | 8-10 | | 22-24 |
| Thiruvanathapuram (Latin) | 4-6 | | 21-23 | |
| Thiruvanathapuram (Malankara) | | 11-13 | | |
| Thrissur | 2-4 | 9-11 | 16-18 | 23-25,30-2 |
| Varappuzha | 4-6 | | 18-20 | |
| Vijyapuram | | 10-13 | 17-19 | 24-26 |

### *FA 57 /2016* **KCBC വനിതാ കമ്മീഷൻ**

കെ.സി.ബി.സി വനിതാ കമ്മീഷൻ എറണാകുളം സോണിന്റെ മീറ്റിംഗ് തൊടുപുഴ ഉപാസനയിൽ വച്ച് ഒക്ടോബർ 8-ാം തീയതി നടത്തി. ഉദ്ഘാടനം വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം നിർവഹിച്ചു. സോണൽ സെക്രട്ടറി സോണി ജോസഫ് അദ്ധ്യക്ഷയായിരുന്നു. സോണൽ ഡയറക്ടർ ഫാ. ജെയിംസ് പുന്നപ്ലാക്കൽ 'സ്ത്രീ സമൂഹത്തിന്റെ ചാലക ശക്തി' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സ് നയിച്ചു. നാഷണൽ സെക്രട്ടറി ഡെൽസി ലൂക്കാച്ചൻ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വിവിധ രൂപതകളിൽ നിന്നായി 80 അംഗങ്ങൾ പങ്കെടുത്തു.

കെ.സി.ബി.സി. വനിതാകമ്മീഷന്റെ നേതൃത്വത്തിൽ പാലാരിവട്ടം പി. ഒ.സി.യിൽ വച്ചു നടന്ന ദ്വിദിന നേതൃസംഗമത്തിൽ രൂപതയിൽ നിന്നുള്ള ഭാരവാഹികൾ അടക്കം 11 പേർ പങ്കെടുത്തു. 'സ്ത്രീ കരുണയുടെ മുഖം' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകളും ചർച്ചകളും നടത്തപ്പെട്ടു.

*Director*

## മാതൃവേദി

### *MV 31 /2016* **ഓണാഘോഷം**

ഒക്ടോബർ 4-ാം തീയതി ഇടവക ഫൊറോനാതലങ്ങളിൽ നടന്ന ഓണാഘോഷങ്ങളുടെ സമാപനം രൂപതാതലത്തിൽ വിവിധ മത്സരങ്ങളോടുകൂടി നടത്തി.



**നെല്ലിമറ്റം:-** ഇടവക മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നെല്ലിമറ്റം, പൂയംകുട്ടി ഇടവക വികാരിയച്ചന്മാരും, കൊച്ചച്ചന്മാരും മാതൃവേദി അംഗങ്ങളും കൂടി ഓണാഘോഷത്തോടനുബന്ധിച്ച് പൂയംകുട്ടിക്കു സമീപമുള്ള തലവച്ചുപാറ എന്ന ആദിവാസി കോളനി സന്ദർശിച്ച് ഓണക്കിറ്റുകൾ, അരി, നിത്യോപയോഗസാധനങ്ങൾ, വസ്ത്രം എന്നിവ വിതരണം ചെയ്തു. അന്നേദിനം അവരോടൊപ്പം ചിലവഴിച്ചു.

**ആരക്കുഴ:-** 22-09-2016-ൽ ആരക്കുഴ ഫൊറോനയിലെ വികാരിയച്ചനും ആനിമേറ്റർ സിസ്റ്ററും ഭാരവാഹികളും പെരിങ്ങഴയിലുള്ള വൃദ്ധസദനം സന്ദർശിച്ച് അവർക്ക് ഭക്ഷണം നൽകുകയും മരുന്നിനുള്ള കുറച്ചു രൂപ (3000/-) മദറിനെ ഏല്പിക്കുകയും ചെയ്തു. അന്നേദിനം അവരോടൊപ്പം ചെലവഴിച്ചു.

*Director*

## D.C.M.S.

### *DCMS 17 /2016* **കരുണയുടെ കവാടം തേടി**

2016 ഒക്ടോബർ 8-ാം തീയതി DCMS രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ അറുപതോളം പേർ കരുണയുടെ കവാടങ്ങളായ 8 പള്ളികൾ സന്ദർശിച്ച് അനുഗ്രഹം നേടി. തൊടുപുഴ ഡിവൈൻ മേഴ്സിയിൽ ബഹു. ഡയറക്ടറച്ചനോടൊപ്പം എല്ലാവരും ദിവ്യബലിയിൽ പങ്കെടുത്ത് വി. കുർബാന സ്വീകരിച്ച് ജീവിതത്തിൽ അപൂർവ്വമായി മാത്രം തിരുസഭ തരുന്ന ദണ്ഡവിമോചനം സ്വീകരിച്ചു.

### *DCMS 18/2016* **ജീവിത ദർശന സെമിനാർ**

കല്ലൂർക്കാട് ഇടവകയിൽ വച്ച് ദളിത്കത്തോലിക്കരായ 4-ാം ക്ലാസ്സ് മുതൽ +2 വരെയുള്ള കുട്ടികൾക്കുവേണ്ടി നവംബർ 12-ാം തീയതി ശനിയാഴ്ച 9.00 മണി മുതൽ 4.00 മണി വരെ ജീവിതദർശന സെമിനാർ ഉണ്ടായിരിക്കുന്നതാണ്. സെമിനാറിൽ വച്ച് സ്കോളർഷിപ്പിന് അർഹരായവർക്ക് സ്കോളർഷിപ്പ് നൽകുന്നതായിരിക്കും. സ്കോളർഷിപ്പ് ഉള്ളവരെ വിളിച്ച് അറിയിക്കുന്നതാണ്.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

### *AKCC 14 /2016* **ക്ലീൻ ഹോം - ക്ലീൻസിറ്റി**

കത്തോലിക്കാ കോൺഗ്രസ് പുതിയതായി ഏറ്റെടുത്തിരിക്കുന്ന കർമ്മ പദ്ധതിയാണ് "ക്ലീൻഹോം - ക്ലീൻസിറ്റി." മാലിന്യ നിർമ്മാർജ്ജനവും

അതിന്റെ ഫലപ്രദമായ സംസ്കരണവും ഇന്ന് നാം നേരിടുന്ന ഒരു പ്രധാന സാമൂഹ്യപ്രശ്നമാണ്. ഈ മേഖലയിലുള്ള കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം 2016 ഒക്ടോബർ 1-ാം തീയതി തൊടുപുഴ പ്രൈവറ്റ് ബസ് സ്റ്റാൻഡ് പരിസരത്ത് അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് നിർവഹിച്ചു. കത്തോലിക്കാ കോൺഗ്രസ്സിന്റെ കേന്ദ്രനേതാക്കളും കോതമംഗലം രൂപതാ പ്രവർത്തകരും ഇതിൽ പങ്കെടുത്തു.

*AKCC 15 /2016* **വെയ്സ്റ്റ് മാനേജ്മെന്റ്**

ഇന്ന് നാം നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങളിൽ ഒന്ന് പരിസ്ഥിതി മലിനീകരണമാണ്. ഇതിന് പ്രധാനകാരണം മാലിന്യങ്ങളുടെ ഫലപ്രദമായ സംസ്കരണത്തിന്റെ അപര്യാപ്തയാണ്. ഈ വിഷയത്തിന്റെ പ്രധാന്യം മനസ്സിലാക്കി കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ ഒരു സെമിനാർ നടത്തുകയുണ്ടായി. 01-10-2016-ൽ തൊടുപുഴ വച്ച് കോതമംഗലം എം.എ. കോളേജ് പ്രൊഫസർ ഡോ. ജെയ് എം. പോൾ ആണ് ക്ലാസ്സുകൾ നയിച്ചത്. ചെലവ് കുറഞ്ഞ ഗാർഹിക മാലിന്യസംസ്കരണ പ്ലാന്റുകൾ ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനും E-വെയ്സ്റ്റ് ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള ഒരു കർമ്മപദ്ധതി ഏറ്റെടുക്കാൻ കത്തോലിക്കാ കോൺഗ്രസ് തീരുമാനിച്ചു.

*AKCC 16 /2016* **ഭക്ഷ്യവസ്തുക്കളിലെ മായം**

നാം കഴിക്കുന്ന ആഹാരങ്ങളിലെ മായം നമ്മുടെ ആരോഗ്യത്തെ കാര്യമായി ബാധിക്കുന്നു. ഈ വിഷയത്തിൽ ഒരു ബോധവൽക്കരണക്ലാസ്സ് കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് നടത്തുകയുണ്ടായി. ഇടുക്കി ജില്ല ഭക്ഷ്യസുരക്ഷവകുപ്പ് ഉദ്യോഗസ്ഥൻ ശ്രീ. തോംസൺ റ്റി. ജോഷായാണ് ക്ലാസ് നയിച്ചത്. നാം പൊതുകമ്പോളത്തിൽ നിന്നും വാങ്ങി കഴിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ അതിഭീകരമായ അവസ്ഥയെപ്പറ്റി ക്ലാസ്സിൽ പങ്കെടുത്തവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

*AKCC 17 /2016* **കത്തോലിക്കാ കോൺഗ്രസ്സ് വാർഷിക പൊതുയോഗം**

കത്തോലിക്കാകോൺഗ്രസ് കോതമംഗലം രൂപതാ വാർഷിക പൊതുയോഗം 01-10-2016-ൽ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര ഡയറക്ടർ ഫാ. ജിയോ കടവി ഉൾപ്പെടെയുള്ള കേന്ദ്ര നേതാക്കൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ മോൺ. ജോർജ് ഓലിയപ്പുറം അനുഗ്രഹപ്രഭാഷണം നടത്തി. കത്തോലിക്കാ



കോൺഗ്രസ്സിന്റെ കേന്ദ്ര ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം പുതിയ കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചു. രൂപതാ ജനറൽ സെക്രട്ടറി അഡ്വ. ജോസ് ഇലഞ്ഞിക്കൽ പ്രവർത്തന റിപ്പോർട്ടും ട്രഷറർ ജോൺ മുണ്ടങ്കാവിൽ വരവു ചെലവു കണക്കും അവതരിപ്പിച്ചു.

*Director*

## Emmanuel Retreat Centre, Vazhakulam

*ERC 15 /2016* **നവംബർ മാസത്തിലെ ശുശ്രൂഷകൾ**

1 ആദ്യവ്യാഴം (03-11-2016)
“ബഹു. വൈദികരുടെ കൂട്ടായ്മ” - 7.00 pm മുതൽ 9.00 pm വരെ.

2 ഒന്നാം ശനി (05-11-2016)
“എമ്മാനുവേൽ ഏകദിന കൺവെൻഷൻ”
9.00 am മുതൽ - 1.00 pm വരെ.
ജപമാല, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, രോഗശാന്തി ശുശ്രൂഷ, ദൈവകരുണയുടെ നൊവേന.

3 രണ്ടാം ശനി (12-11-2016)
“എമ്മാനുവേൽ ക്രിസ്റ്റീൻ കൺവെൻഷൻ”
6 വയസ്സു മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വേണ്ടി.
വി. കുർബാന, വചനപ്രഘോഷണം, ആന്തരിക സൗഖ്യ ആരാധന, അഭിഷേക പ്രാർത്ഥന.

4 മൂന്നാം വ്യാഴം (17-11-2016)
കരുണയുടെ വർഷം സമാപന പ്രാർത്ഥന. “അഖണ്ഡ കരുണക്കൊന്ത”, ദിവ്യകാരുണ്യ ആരാധന. വൈകുന്നേരം 5.30-ന് വി. കുർബാനയോടുകൂടി സമാപിക്കുന്നു.

5 അവസാന വെള്ളി (25-11-2016) രാത്രി ആരാധന (Night Vigil)
വൈകുന്നേരം 4.30-ന് കുരിശിന്റെ വഴിയോടുകൂടി ശുശ്രൂഷകൾ ആരംഭിക്കും. തുടർന്ന് വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, രോഗശാന്തി ശുശ്രൂഷ, ദിവ്യകാരുണ്യ പ്രദക്ഷിണം, ജപമാല പ്രദക്ഷിണം തുടങ്ങിയ ശുശ്രൂഷകൾക്കുശേഷം രാത്രി 10 മണിക്ക് ശുശ്രൂഷകൾ സമാപിക്കുന്നു.

NB എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥ പ്രാർത്ഥന, കുർബാന, കുമ്പസാരം, കൗൺസലിംഗ് ശുശ്രൂഷകളും വൈകിട്ട് 5.30-ന് കുർബാനയും ഉണ്ടായിരിക്കും.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 28 /2016* **ജീവകാരുണ്യസന്ദർശനം**

കരുണയുടെ ജൂബിലി വർഷത്തിൽ കാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി മൂവാറ്റുപുഴ, തൊടുപുഴ, കോതമംഗലം, മാറിക, ഊന്നുകൽ, പൈങ്ങോട്ടൂർ, വാഴക്കുളം, കരിമണ്ണൂർ എന്നീ സബ്സോണുകളിലെ അനാഥരായ വൃദ്ധജനങ്ങളുടെയും കുട്ടികളുടെയും മാനസികപ്രശ്നങ്ങൾ ഉള്ള വരുടേതുമായ വിവിധ ഭവനങ്ങൾ, സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ, സബ്സോൺ ടീം അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ സന്ദർശിച്ചു. രൂപതയിലെ ഉദാരമതികളായ വ്യക്തികൾ സംഭാവന ചെയ്ത അരി ബാഗുകൾ അനാഥശാലകൾക്ക് നൽകി.

*PG 29 /2016* **കെരിഗ്മ കോഴ്സ്**

23-08-2016 -ൽ കാരക്കുന്നം സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് കെരിഗ്മ ട്രെയിനിംഗ് പ്രോഗ്രാം നടന്നു. KST കെരിഗ്മ കോ-ഓർഡിനേറ്റർ സേവ്യർ മങ്ങാട്ട്, ബിജു എറണാകുളം, ലിസ്സി പൊടിമറ്റം, സി. ലിസ്സി വടക്കേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. കരിസ്മാറ്റിക് സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, കോ-ഓർഡിനേറ്റർ സോജൻ കെ. പോൾ എന്നിവർ ട്രെയിനിംഗ് പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 45/2016* **രാത്രി ആരാധന**

ഒക്ടോബർ മാസത്തിലെ രാത്രി ആരാധന പുറപ്പുഴയിൽ വച്ച് 7-ാം തീയതി രാത്രി 9.30 മുതൽ 8-ാം തീയതി രാവിലെ 5.00 വരെ നടത്തി. നവംബർ മാസത്തിലെ രാത്രി ആരാധന 4-ാം തീയതി രാത്രി 9.30 മുതൽ 5-ാം തീയതി രാവിലെ 5.00 വരെ പള്ളിക്കാമുറി സെന്റ് മൈക്കിൾസ് കപ്പൂച്ചിൻ ആശ്രമത്തിൽ വച്ച് നടത്തുന്നതായിരിക്കും.

*SFO 46/2016* **തീർത്ഥാടനം**

മൂവാറ്റുപുഴ ഹോളിമാഗി ഭ്രാതൃത്വം ഒക്ടോബർ 10-ാം തീയതി വല്ലാർപാടം, ഇടപ്പള്ളി, പൊന്നുരുന്നി എന്നിവിടങ്ങളിലേക്കും. ഫ്രാൻസിസ്കൻ യുവജനകൂട്ടായ്മ ഒക്ടോബർ 16-ാം തീയതി വാഗമൺ



കുരിശുമല, അരുവിത്തുറ, ഇടമറ്റം, കുറവിലങ്ങാട് എന്നിവിടങ്ങളിലേക്കും കാരുണ്യവർഷ തീർത്ഥാടനം നടത്തി.

*SFO 47/2016* **കാരുണ്യപ്രവർത്തികൾ**

നമ്മുടെ രൂപതയിലെ ഒരു സംഘടനയുടെ മൃതസംസ്കാര ശുശ്രൂഷാസഹായനിധിയിലേക്ക് 10000 രൂപ സംഭാവന ചെയ്തു.

*SFO 48/2016* **വാർഷിക തിരുനാൾ ആഘോഷം**

ആലക്കോട്, കോടിക്കുളം, വെളിയേൽച്ചാൽ, കല്ലാനിക്കൽ തുടങ്ങിയ ഭ്രാതൃത്വങ്ങളിൽ അസ്സീസിയിലെ ഫ്രാൻസീസിന്റെ തിരുനാൾ വളരെ വിപുലമായി ആചരിച്ചു. തൊടുപുഴ റീജിയന്റെ തിരുനാൾ ആഘോഷവും വാർഷികവും വണ്ടമറ്റം ഭ്രാതൃത്വത്തിൽ വച്ച് ആഘോഷപൂർവ്വം നടന്നു. ബഹു. വികാരി റവ. ഫാ. ജോസഫ് മക്കോളിൽ അദ്ധ്യക്ഷത വഹിച്ചു. വണ്ടമറ്റം ഭ്രാതൃത്വത്തിൽ ഒരു വർഷത്തെ പരിശീലനം പൂർത്തിയാക്കിയ 15 സഹോദരങ്ങൾ പ്രതിജ്ഞാപനം നടത്തി.

*SFO 49/2016* **ആരക്കുഴ തീർത്ഥാടനം**

കാരുണ്യവർഷസമാപനാഘോഷവും, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ അനുസ്മരണ ദിനാചരണവും നവംബർ 13-ാം തീയതി കോതമംഗലം രൂപതയിലെ അല്മായ ഫ്രാൻസിസ്കൻ സഭാംഗങ്ങളുടെ 'ആരക്കുഴ' തീർത്ഥാടനമായി നടത്തപ്പെടുന്നു. ആരക്കുഴ മരിയൻ തീർത്ഥാടന കേന്ദ്രത്തിലേക്ക് ജപമാല റാലിയും 2.30 pm-ന് വി. കുർബാനയും ഉണ്ടായിരിക്കും.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 11/2016* **ഏരിയാ കൗൺസിൽ സെമിനാറുകൾ**

കോതമംഗലം സെൻട്രൽ കൗൺസിലിനു കീഴിലുള്ള പന്ത്രണ്ട് ഏരിയാ കൗൺസിലുകളുടെയും അർദ്ധവാർഷിക സെമിനാറുകൾ പൂർത്തിയായി. എല്ലാ അംഗങ്ങളും പങ്കെടുത്ത യോഗങ്ങളിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ സംഘടിപ്പിച്ചു. കോൺ ഫ്രൻസുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള അവസരംകൂടിയായിരുന്നു സമ്മേളനങ്ങൾ. ബന്ധപ്പെട്ട ഏരിയാകൗൺസിൽ പ്രസിഡന്റുമാർ നേതൃത്വം നല്കി. ആദ്ധ്യാത്മികോപദേഷ്ടാക്കൾ, സെൻട്രൽ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി ഇന്റർ നാഷണൽ

കൗൺസിലിന്റെ വൈസ് പ്രസിഡന്റ് ജനറൽ ആയി നോമിനേറ്റ് ചെയ്യപ്പെട്ട മുൻ നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ജോസഫ് പാണ്ഡ്യനെയും ടെറിട്ടോറിയൽ വൈസ് പ്രസിഡന്റ് (ഏഷ്യ) ആയി നോമിനേറ്റ് ചെയ്യപ്പെട്ട നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ഡോ. ജോൺസൺ വർഗീസിനെയും തൊടുപുഴ ഓസ്സാനാം ഹോമിൽ വച്ചുകൂടിയ കോതമംഗലം സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ അഭിനന്ദിച്ചു.

സെപ്തംബർ 27-ന് സെന്റ് വിൻസെന്റ് ഡി പോളിന്റെ തിരുനാളിനോടനുബന്ധിച്ച് വിവിധ ഇടവകകളിൽ അനുസ്മരണ ചടങ്ങുകൾ സംഘടിപ്പിച്ചു.

വാഴക്കുളം സെന്റ് ജോർജ് കോൺഫ്രൻസ് രണ്ടു സ്കൂളുകളിൽ ദീപിക ദിനപ്പത്രം വരുത്തുന്നതിന് സഹായധനം നൽകി.

*Animator*

## NESTT Programme

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| Nov. | 3 - 5 | - | Pre -Marriage Course |
| " | 5 | - | Seminar, B-Pharm College |
| " | 7 - 8 | - | Batch gathering of Priests |
| " | 8 - 9 | - | Batch gathering of Priests |
| " | 15 | - | Jubilee gathering & Monthly Recollection |
| " | 15 - 16 | - | Batch gathering of Priests |
| " | 16 - 18 | - | Pre-Marriage Course |
| " | 18 - 19 | - | MCA Students' Retreat |
| " | 21 - 24 | - | "Yes Lord" Retreat |
| " | 25 - 27 | - | Retreat for Couples |
| " | 28 - 30 | - | Leaders' Training - Jesus' Youth |

*Director*

## *Festal Greetings*

| | | | |
|---|---|---|---|
| Rev. Mgr. | Kanjirakombil Cherian | **November** | 5 |
| Rev. Fr. | Punnamattathil Scaria | " | 5 |
| " | Thudianplakal Zacharias | " | 5 |
| " | Varicatt Cherian | " | 5 |
| " | Kunnel Stanislaus | " | 13 |
| " | Pulprayil Stanley | " | 13 |



# വാർത്തയും വിശേഷങ്ങളും

## Art Exhibition -2016, Nature in Divine Hues

കാരുണ്യവർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് തിരുസഭയുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ തങ്ങളുടെ സർഗവാസനയെ ചായക്കൂട്ടുകളിൽ ചാലിച്ച് ഫാ. ലിന്റോ തച്ചുപറമ്പിൽ MSJ യും സി. കൃപാ ജോസ് CSN ഉം ചേർന്നൊരുക്കുന്ന ചിത്രകലാപ്രദർശനം, Nature in Divine Hues നവംബർ 19, 20 (ശനി, ഞായർ) തിയതികളിൽ കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. കോതമംഗലം രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് പെ. ബഹു. മോൺ. ജോർജ് ഓലിയപ്പുറം 19-ാം തീയതി രാവിലെ 8.00 മണിക്ക് പ്രദർശനത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുന്നതാണ്. പ്രദർശനത്തിൽനിന്നും ലഭിക്കുന്ന തുക രൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന കാരുണ്യപ്രവർത്തനങ്ങൾക്കായി അഭിവന്ദ്യ പിതാവിന് കൈമാറുന്നതാണ്. ഉദ്ഘാടന ചടങ്ങിലേക്കും കലാവിരുന്നിലേക്കും ഏവരെയും സാദരം ക്ഷണിക്കുന്നു. പ്രവേശനഫീസ് 10 രൂപ. ചിത്രങ്ങൾ ആവശ്യമുള്ളവർക്ക് ബുക്ക് ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## പൈതൃകവഴികളിലേക്കു പുതുവെളിച്ചമായി "കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ അഥവാ ഒരു ദേശത്തിന്റെ ചരിത്രം"

കോതമംഗലം: കോതമംഗലത്തിന്റെയും കേരളത്തിന്റെയും പൈതൃകവഴികളിലേക്കു പുതിയ വാതിലുകൾ തുറന്നു ബൃഹത്തായൊരു ചരിത്രഗ്രന്ഥം മലയാളികളിലേക്കെത്തുന്നു. ചരിത്രാന്വേഷകനും രാജ്യത്തിനകത്തും പുറത്തും ദീർഘകാലം അധ്യാപകനും ബഹുഭാഷാപണ്ഡിതനുമായ ഫാ. തോമസ് മുണ്ടയ്ക്കലാണു 'കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ അഥവാ ഒരു ദേശത്തിന്റെ ചരിത്രം' എന്ന പേരിൽ ഗ്രന്ഥം തയ്യാറാക്കിയിട്ടുള്ളത്.

ക്രിസ്തുവർഷത്തിനു മുമ്പും പിമ്പും സ്വദേശത്തും വിദേശത്തും വിവിധ ഭാഷകളിൽ, വിവിധ ദേശങ്ങളിൽ, രചിക്കപ്പെട്ടതും വിദേശ സർവകലാശാലകളിൽ സൂക്ഷിക്കപ്പെടുന്നതുമായ അമൂല്യഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ പുതിയ ഗ്രന്ഥത്തെ ആകർഷകമാക്കുന്നതാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് ഉപയോഗത്തിലുണ്ടായിരുന്ന ഭാഷകളെയും അന്നത്തെ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളെയും മനസിലാക്കുന്നതിനു ഗ്രന്ഥം സഹായിക്കും. പുരാതനരേഖകളിലുള്ള കാരൂർ കോതമംഗലത്തിനടുത്തുള്ള തൃക്കാരിയൂരാണെന്നും ചിലപ്പതികാരത്തിൽ പരാമർശിക്കുന്ന

'കോതൈ' സൂചിപ്പിക്കുന്നതു കോതമംഗലത്തെയാണെന്നും ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. ഗ്രന്ഥകാരന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഒക്ടോബർ 12-ന് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ നടന്ന ചടങ്ങിലാണ് ഗ്രന്ഥം പ്രകാശനം ചെയ്തത്. (ദീപിക, 8-10-2016, പേജ് 3)

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**സെപ്തംബർ**

15 • ഊന്നുകൽ ഇടവകാംഗമായ മഠത്തിൽ നിവിൻ-ശ്രുതി ദമ്പതിമാരുടെ വിവാഹം, കോതമംഗലം കത്തീഡ്രലിൽ വച്ച് ആശീർവദിച്ചു.

17 • മുതലക്കോടം ഇടവകയിൽ വച്ച് നടന്ന മുതലക്കോടം ഫൊറോന യിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ലീഡേഴ്സിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

• പോത്താനിക്കാട് ഇടവകയിൽ നടത്തിയ ക്രിസ്റ്റീൻ ധ്യാനത്തോടനുബന്ധിച്ച്, ധ്യാനത്തിൽ പങ്കെടുത്ത കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

• മാറാടി ഇടവകയുടെ ഇടവകദിനത്തോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

• സെപ്റ്റംബർ 18 മുതൽ 23 വരെ നടന്ന വൈദികരുടെ ആദ്യബാച്ച് വാർഷികധ്യാനത്തിൽ പങ്കെടുത്തു.

19 • പോത്താനിക്കാട് ഇടവകയിൽ പുതിയതായി ആരംഭിച്ച "Kinder-garten"ന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

20 • കദളിക്കാട് വിമലമാതാ ഹയർസെക്കന്ററി സ്കൂളിൽ പുതിയതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

21 • കർമ്മലീത്താ സഭാംഗമായ സി. ലോറൻസ് CMC (കുഴുപ്പിള്ളിൽ, കരിമണ്ണൂർ)-യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് വാഴക്കുളം മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

22 • മൈലക്കൊമ്പ് ഇടവകാംഗമായ കൊമ്പനാത്തോട്ടത്തിൽ സജി-ലൈബി ദമ്പതിമാരുടെ അഞ്ചാമത്തെ കുട്ടിയുടെ പ്രവേശകകൂദാശാ പരികർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.



23 • ആരാധനാസഭാംഗമായ സി. ജൂലിറ്റ് SABS (കോടമുള്ളിൽ, കല്ലാനിക്കൽ)-ന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മാറിക മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• പുറപ്പുഴ സെന്റ് സെബാസ്റ്റ്യൻസ് ഹയർസെക്കന്ററി സ്കൂളിൽ പുതിയതായി നിർമ്മാണം പൂർത്തിയാക്കിയ പ്ലസ് ടു കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

24 • നേര്യമംഗലത്ത് പ്രവർത്തനം ആരംഭിച്ച ജീവ ബുക്ക്സിന്റെ ഉദ്ഘാടനം നിർവഹിച്ചു.

• മുതലക്കോടം ഇടവകാംഗമായ മഠത്തിക്കണ്ടത്തിൽ ജുബിൻ-അനു ദമ്പതിമാരുടെ വിവാഹം ആശീർവദിച്ചു.

• കോതമംഗലം രൂപതാ വൈദികനും ആയവന ഇടവകാംഗവുമായ ബഹു. പീറ്റർ കിഴക്കേടത്ത് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• സെപ്റ്റംബർ 25 മുതൽ 29 വരെ നടന്ന ബഹു. വൈദികരുടെ സെക്കന്റ് ബാച്ച് വാർഷികധ്യാനത്തിൽ പങ്കെടുത്തു.

29 • വി. മദർ തെരേസയുടെ വിശുദ്ധപദവി പ്രഖ്യാപനത്തോടനുബന്ധിച്ച് CBCI-യുടെ ആഭിമുഖ്യത്തിൽ കൊൽക്കത്തയിൽ സംഘടിപ്പിച്ച കൃതജ്ഞതാബലിയിലും അനുസ്മരണ പരിപാടികളിലും സംബന്ധിച്ചു.

**ഒക്ടോബർ**

7 • ധർമ്മഗിരി സഭാംഗമായ സി. ലൂക്ക് MSJ (പോത്താനിക്കാട്ട്, കോതമംഗലം) യുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കോതമംഗലം ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസ് മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• പള്ളിക്കാമുറി ഇടവകയിൽ പുതിയതായി നിർമ്മിച്ച കപ്പൂച്ചിൻ ആശ്രമത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

8 • അഗതികളുടെ സന്യാസിനി സഭാംഗങ്ങളായ (SD) നാല് നവസന്യാസിനിമാരുടെ സന്യാസവസ്ത്രസ്വീകരണത്തിലും പ്രഥമവ്രതവാഗ്ദാനകർമ്മങ്ങളിലും കോതമംഗലം കത്തീഡ്രലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

9 • കോട്ടയം, കളത്തിപ്പടി ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ കുട്ടികളുടെ ധ്യാനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

10 • ആരാധനാ സന്യാസിനിസമൂഹത്തിന്റെ നേതൃത്വത്തിൽ തൊടുപുഴ

SABS പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ ദിവ്യകാരുണ്യ കൺവെൻഷന്റെ (ബേത്സഥാ 2016) ഉദ്ഘാടനം നിർവഹിക്കുകയും വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു.

- ഫ്രാൻസിസ്കൻ -ക്ലാരിസ്റ്റ് സന്യാസിനിസഭാംഗമായ സി. ആൻസിറ്റ FCC (കൊച്ചുവെമ്പിള്ളിൽ, മൈലക്കൊമ്പ്) യുടെ മൃതശരീരത്തിങ്കൽ വാഴപ്പിള്ളി മഠം കപ്പേളയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

11 • ഏഴല്ലൂർ ഇടവകാംഗമായ ബഹു. ആന്റണി (ആന്റോ) ചിറമ്മേൽ CSS ഡീക്കന് വൈദികപട്ടം നൽകി.

- മൈനർ സെമിനാരിയിലെ വൈദികവിദ്യാർത്ഥികളുടെ “Parents' Day”-യോടനുബന്ധിച്ച്, മാതാപിതാക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

12 • കോതമംഗലം SH പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- കോതമംഗലം കത്തീഡ്രൽ ഇടവകാംഗങ്ങളായ ബഹു. തോമസ് മുണ്ടയ്ക്കൽ അച്ചന്റെയും ബഹു. മാത്യു തെക്കേക്കര അച്ചന്റെയും പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.
- വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച്, കോതമംഗലം രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹജീവിതത്തിന്റെ 75-ഉം 50-ഉം 25-ഉം വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികളെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു.

13 • വണ്ണപ്പുറം ഇടവകാംഗമായ ബഹു. ജോസഫ് (ബിബിൻ) കൊല്ലിയിൽ CMF ഡീക്കന് വൈദികപട്ടം നൽകി.

- കോതമംഗലം സെന്റ് എഫ്രേം തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 25 വിദ്യാർത്ഥിനികളുടെ Convocation -ൽ പങ്കെടുക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

14 • കലയന്താനി ഇടവകയിൽ പുതിയതായി നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

- തിരുഹൃദയ സന്യാസിനി സഭാംഗമായ സി. ഗ്രേസ് ഫ്ളവർ (മാപ്പലകയിൽ, മാലിപ്പാറ) - യുടെ മൃതശരീരത്തിങ്കൽ മൈലക്കൊമ്പ് മഠം കപ്പേളയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.



- KCSL-ന്റെ ആഭിമുഖ്യത്തിൽ കാരുണ്യവർഷാചരണത്തിന്റെ ഭാഗമായി നടത്തുന്ന “കാരുണ്യദൂത്” സന്ദേശയാത്രയ്ക്ക് തൊടുപുഴ ജയ്റാണി ഇംഗ്ലീഷ് മീഡിയം ഹയർ സെക്കന്ററി സ്കൂളിൽ സ്വീകരണം നൽകുകയും പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.
- ധർമ്മഗിരി സന്യാസിനിസഭാംഗമായ സി. ലയോണി MSJ (ചെന്നാട്ടുശ്ശേരി, രാമങ്കരി) യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കോതമംഗലം ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസ് മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

15 • മുവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടന്ന Xavier Board of Higher Education in India -യുടെ ആഭിമുഖ്യത്തിൽ നടത്തിയ "Kerala North Regional Meet 2016"-ന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

- പൈങ്ങോട്ടൂർ ഇടവകയിൽ പുതുക്കി നിർമ്മിച്ച ദൈവാലയ അൾത്താരയുടെ പുനഃപ്രതിഷ്ഠാകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

16 • കാവക്കാട് സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

17 • ബഹു. സേവ്യർ ഖാൻ വട്ടായിൽ അച്ചന്റെ പിതാവിന്റെ (വട്ടായിൽ വർഗീസ്) 35-ാം ചരമദിനത്തോടനുബന്ധിച്ച് നടന്ന തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

18 • കോതമംഗലം ലിറ്റിൽ ഫ്ളവർ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

- ധർമ്മഗിരി സഭാംഗമായ സി. ഹിലാരിയ MSJ (കാപ്പിൽ പുത്തൻപുരയിൽ, പാല) യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കോതമംഗലം ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസ് മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## Bishop's Engagements

**November 2016**

| | | | |
|---|---|---|---|
| 1 - 11 | Engaged | | |
| 12 Sat | Holy Qurbana and Parish Hall Blessing | Kodikulam | 7.00 am |

| | | | | |
|---|---|---|---|---|
| | | Conclusion of Year of Mercy | JPD Kottayam | 4.00 pm |
| 13 | Sun | Pastoral Visit | Kaithappara | |
| | | Conclusion of Golden Jubilee | Anchiri | 3.30 pm |
| 14 | Mon | Vestition, FCC | Nirmala Bhavan | 10.30 am |
| | | Meeting with Deacons' Parents & Vicars | | 3.00 pm |
| 15 | Tue | Monthly Recollection & Jubilee Gathering | NESTT | |
| 16 | Wed | Holy Qurbana | SH House, Mailacombu | 3.00 pm |
| 17 | Thu | Meeting of Directors of Care Home | NESTT | 11.00 am |
| | | Baptism | Thodupuzha | 3.30 pm |
| 19 | Sat | Holy Qurbana | Thodupuzha | 6.30 am |
| 20 | Sun | Conclusion of Jubilee Year of Mercy | Cathedral | 7.00 am |
| | | Conclusion of Jubilee Year of Mercy | Divine Mercy Shrine | 3.00 pm |
| 21 | Mon | Blessing | Vazhakala | 2.30 pm |
| 23 | Wed | Holy Qurbana | SMS House Bethlehem | 6.30 am |
| 24 | Thu | Blessing of Chapel | CSN Convent, Vadakode | 4.00 pm |
| 26 | Sat | Ordination | Kallanickal | 9.15 am |
| | | Church Consecration | Vadattupara | 2.30 pm |
| 27 | Sun | Conclusion of Golden Jubilee | Vadakode | 4.00 pm |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് പിട്ടാപ്പിള്ളിൽ | ചരമദിനം | 01-12-1982 |
| ഫാ. സെബാസ്റ്റ്യൻ നീരോലിക്കൽ | " | 04-12-1995 |
| ഫാ. മാത്യു കല്ലുങ്കൽ | " | 11-12-2011 |
| ഫാ. ചെറിയാൻ വേരനാനി | " | 13-12-1998 |
| ഫാ. സേവ്യർ ചുണ്ടാട്ട് | " | 17-12-1994 |
| ഫാ. ജോർജ് പുത്തേട്ട് | " | 20-12-2007 |
| ഫാ. തോമസ് തുടിയൻപ്ലാക്കൽ | " | 23-12-2003 |
| ഫാ. സിറിയക് അമന്തുരുത്തിയിൽ | " | 27-12-1990 |
| ഫാ. സേവ്യർ പാറങ്കിമാലിൽ | " | 31-12-1998 |



# നിര്യാതരായി

## റവ. സി. ലൂക്ക് MSJ

ഇടവക : കോതമംഗലം
ജനനം : 01-03-1932
ആദ്യവ്രതം : 08-09-1961
നിത്യവ്രതം : 08-09-1967
മരണം : 05-10-2016
മൃതസംസ്കാരം : 07-10-2016 (ധർമ്മഗിരി, പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)

## റവ. സി. ലയോണി MSJ

ഇടവക : രാമങ്കരി
ജനനം : 24-06-1925
ആദ്യവ്രതം : 29-10-1953
നിത്യവ്രതം : 29-10-1959
മരണം : 11-10-2016
മൃതസംസ്കാരം : 14-10-2016 (ധർമ്മഗിരി, പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)

## റവ. സി. ഗ്രെയ്സ് ഫ്ളവർ SH (മാപ്പലകയിൽ)

ഇടവക : മാലിപ്പാറ
ജനനം : 07-10-1936
ആദ്യവ്രതം : 02-05-1968
നിത്യവ്രതം : 02-05-1973
മരണം : 14-10-2016
മൃതസംസ്കാരം : 14-10-2016 (മൈലക്കൊമ്പ്)

## റവ. സി. ഹിലാരിയ MSJ

ഇടവക : പാല
ജനനം : 06-01-1938
ആദ്യവ്രതം : 08-09-1961
നിത്യവ്രതം : 08-09-1967
മരണം : 17-10-2016
മൃതസംസ്കാരം : 18-10-2016 (ധർമ്മഗിരി, പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)